بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 45-46

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 നവംബർ 10 – 17 • ഹി. ശം. 1401 നുബുവ്വത്ത് 10 – 17 •
ഹിജ്റ 1444 റബീഉൽ ആഖർ 14 – 21

## അല്ലാഹുവിന്റെ വചനം

مَنۡ یَّہۡدِ اللّٰہُ
فَہُوَ الۡمُہۡتَدِیۡ ۚ
وَمَنۡ یُّضۡلِلۡ
فَاُولٰٓئِکَ ہُمُ الۡخٰسِرُوۡنَ ○

(الاعراف:179)

‘ഗ്രന്ഥത്തെ മുറുകെ പിടിക്കുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരാരോ അത്തരം നന്മ പ്രവർത്തിക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കുകയില്ല.’(7:171)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

(2265) യഅ്ലാ[റ]നിവേദനം. തബൂക് യുദ്ധത്തിൽ നബി[സ]തിരുമേനിയുടെ കൂടെ ഞാൻ യുദ്ധം ചെയ്യുകയുണ്ടായി. അതായിരുന്നു എന്റെ പുണ്യകർമങ്ങളിൽ എന്റെ മനസ്സിൽ ഏറ്റവും ശ്രേഷ്ഠമായത്. എനിക്ക് ഒരു കൂലിക്കാരനും(തബൂക് യുദ്ധത്തിൽ) ഉണ്ടായിരുന്നു. അവൻ ഒരാളുമായി ശണ്ഠകൂടി. അവരിലൊരാൾ തന്റെ എതിരാളിയെ കടിച്ചു. കൈ വലിച്ചെടുത്തപ്പോൾ അയാളുടെ ഒരു പല്ല് താഴെ വീണു. കേസ് നബി[സ]തിരുമേനിയുടെ അടുത്തെത്തിയപ്പോൾ നബി[സ]തിരുമേനി പ്രായശ്ചിത്തം പ്രഖ്യാപിച്ചില്ല. അവിടന്ന് ചോദിച്ചു: അവൻ തന്റെ വിരൽ നിനക്കു കടിക്കാൻവേണ്ടി നിന്റെ വായിലിടുമോ? ആൺഒട്ടകം കചിക്കുന്നതുപോലെ *(ബുഖാരി, വാല്യം 4, കിതാബുൽ ഇജാറ, പ്രസാധനം 2008 ഖാദിയാൻ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
SCAN ME
The Weekly BADR Qadian (Malayalam)

**നമ്മുടെ ഉദ്ദേശ്യവും അല്ലാഹു നമ്മെ അയച്ചിട്ടുള്ള കാര്യവും ആളുകൾ ഇവിടെ ആവർത്തിച്ച് വരാത്തിടത്തോളം, വരാൻ അല്പംപോലും മടികാണിക്കുവോളം പൂർത്തിയാകുകയില്ല.’**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ**

### മർക്കസിൽ ആവർത്തിച്ച് വരാൻ മുന്നറിയിപ്പ്

1899 ലെ ജൽസാ സാലാനയിൽ വളരെ കുറച്ചുപേരെ വന്നിരുന്നുള്ളു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്[അ] വളരെ വിഷമം പ്രകടിപ്പിച്ചു. അവിടന്ന് പറഞ്ഞു: 'ഇതുവരെ ആളുകൾ നമ്മുടെ ഉദ്ദേശ്യങ്ങളെ കുറിച്ച് അറിയുന്നവരല്ല. അവരെന്താകണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നതെന്ന്! നാം ആഗ്രഹിക്കുന്ന ആ ഉദ്ദേശ്യവും അല്ലാഹു നമ്മെ അയച്ചിട്ടുള്ള കാര്യവും ആളുകൾ ഇവിടെ ആവർത്തിച്ച് വരാത്തിടത്തോളം, വരാൻ അല്പംപോലും മടികാണിക്കുവോളം പൂർത്തിയാകുകയില്ല.'

പറഞ്ഞു: "വരുന്നതുകൊണ്ട് തനിക്കത് ഭാരമാകുമെന്ന് ധരിക്കുകയും അല്ലെങ്കിൽ ഇവിടെ താമസിക്കുന്നതുകൊണ്ട് നമുക്ക് ഭാരമാകുമെന്ന് മനസ്സിലാക്കുകയും ചെയ്യുന്നവൻ ഭയപ്പെടേണ്ടതാണ്; അവൻ ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. മുഴുവൻ ലോകവും നമ്മുടെ കുടുംബമാകുകയാണെങ്കിൽ നമ്മുടെ നടപടികളുടെ പരിപാലനം നടത്തുന്നവൻ അല്ലാഹുവാണെന്നത് നമ്മുടെ വിശ്വാസമാണ്. നമ്മുടെമേൽ തരിമ്പും ഭാരമില്ല. നമുക്ക് സ്നേഹിതന്മാരെക്കൊണ്ട് വളരെ സന്തോഷമുണ്ടാകുന്നു. ഇതു ദുർബോധനമാണ്. ഇതിനെ മനസ്സുകളിൽനിന്ന് ദൂരത്തെറിയേണ്ടതാണ്. തങ്ങൾ ഇവിടെ ഇരുന്ന് എന്തിനാണ് ഹദ്റത്ത് സാഹിബിനെ ബുദ്ധിമുട്ടിക്കുന്നതെന്ന് ചിലർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. തങ്ങൾ ഒന്നിനും കൊള്ളരുതാത്തവരാണ്. വെറുതെ ഇരുന്നു റൊട്ടി തിന്നുന്നതെന്തിനാണ്. ഇത് ശയ്ത്വാനിന്റെ ദുർബോധനമാണെന്ന് അവർ ഓർമിച്ചു കൊള്ളട്ടെ. അവരുടെ ചുവടുകൾ ഇവിടെ ഉറയ്ക്കാതിരിക്കാൻ അവരുടെ മനസ്സുകളിൽ ശയ്ത്വാനിട്ടതാണിത്."

ഒരു ദിവസം ഹക്കീം ഫള്ലുദ്ദീൻ സാഹിബ് പറഞ്ഞു: ഹുദൂർ ഞാനിവിടെ വെറുതെ ഇരുന്ന് എന്ത് ചെയ്യാനാണ്? കല്പിക്കുകയാണെങ്കിൽ ഭേരയിൽ പോകുന്നതാണ്. അവിടെ വിശുദ്ധ ഖുർആനിന്റെ ദറസുതന്നെ കൊടുക്കുന്നതായിരിക്കും. ഹുദൂറിന് ഞാൻ പ്രയോജനപ്പെടുന്നില്ലല്ലോ എന്നോർത്ത് ഇവിടെ എനിക്ക് വലിയ നാണം തോന്നുന്നു. ഒന്നും ചെയ്യാതിരിക്കുന്നതുകൊണ്ട് എന്തെങ്കിലും കുറ്റമുണ്ടാകുമോ?

പറഞ്ഞു: താങ്കളുടെ ഇവിടെത്തെ ഇരുത്തംതന്നെ ജിഹാദാണ്. ഇങ്ങനെ വെറുതെ ഇരിക്കുന്നതുതന്നെ വലിയ ജോലിയാണ്.'

ചുരുക്കത്തിൽ വലിയ വിഷമവും ദുഃഖവും നിറഞ്ഞ വാക്കുകളിൽ വരാത്തവരെ കുറിച്ച് പരാതിപറഞ്ഞു. എന്നിട്ട് പറഞ്ഞു:ഈ ഒഴികഴിവ് പറയുന്നവർ നബി[സ]തിരുമേനിയുടെ തിരുസന്നിധിയിൽ ഇന്ന ബുയൂത്തനാ ഔറ - ഞങ്ങളുടെ വീടുകൾ അരക്ഷിതാവസ്ഥയിലാണ്- എന്ന് ഒഴികഴിവ് പറഞ്ഞവർ തന്നെയാണ്. ***ഇൻയ്യുരീദൂന ഇല്ലാ ഫിറാറൻ***- അവർ ഓടിപ്പോ

ശേഷം പേജ് 10 ൽ

**ഇബ്റാഹീം തന്റെ എല്ലാ ഓരോ സവിശേഷ ഗുണങ്ങളേയും ദൈവാനുഗ്രഹമായി മനസ്സിലാക്കിയിരുന്നു.**
**അദ്ദേഹം ആ എല്ലാ സ്വിഫത്തുകളേയും അല്ലാഹു നല്കിയ ഖജനാവാണെന്ന് സമ്മതിച്ചിരുന്നു.**
**എത്രത്തോളം അധികം അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങൾ തിളങ്ങിയിരുന്നുവോ അത്രത്തോളം തന്റെ നന്ദിയിലും പശ്ചാത്തപിച്ച് മടങ്ങുന്നതിലും അദ്ദേഹം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.**
**നിങ്ങൾ ഇബ്റാഹീമിനെപ്പോലെയാകണം. അദ്ദേഹത്തിന്റെ എന്തെല്ലാം സവിശേഷ ഗുണങ്ങളുണ്ടോ അതെല്ലാം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കണം. അതിന്റെ ഫലമായി ഏതുരീതിയിലാണോ നാം ഇബ്റാഹീമിനോടു പെരുമാറിയത് അതേരീതിയിൽ നിങ്ങളോടും പെരുമാറുന്നതാണ്.**

സൂറത്തുന്നഹ്ലിന്റെ 122-ാം വചനമായ, ***ശാക്കിറൻല്ലി അൻഉമിഹീ ഇജ്തബാഹു വ ഹദാഹു ഇലാ സ്വിറാത്വിൻമ്മുസ്തഖീം***(ഇബ്റാഹീം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവനായിരുന്നു. അവൻ അദ്ദേഹത്തെ തിരഞ്ഞെടുത്തു. നേർമാർഗത്തിലേക്ക് അദ്ദേഹത്തെ നയിക്കുകയും ചെയ്തു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വലിഹ് മൗഊദ്[റ] പറയുന്നു:

അതായത് ഇബ്റാഹീം തന്റെ എല്ലാ ഓരോ സവിശേഷ ഗുണങ്ങളേയും ദൈവാനുഗ്രഹമായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം ആ എല്ലാ സ്വിഫത്തുകളേയും അല്ലാഹു നല്കിയ ഖജനാവാണെന്ന് സമ്മതിച്ചിരുന്നു. അങ്ങനെ അദ്ദേഹം എല്ലാ ദൈവാനുഗ്രഹങ്ങളേയും അല്ലാഹുതന്നെ പ്രദാനം ചെയ്തതാണെന്ന് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് എത്രത്തോളം അധികം അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങൾ തിളങ്ങിയിരുന്നുവോ അത്രത്തോളം തന്റെ നന്ദിയിലും പശ്ചാത്തപിച്ച് മടങ്ങുന്നതിലും അദ്ദേഹം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.

മനുഷ്യനിൽ ഇക്കാര്യങ്ങളുണ്ടാകുമ്പോൾ അല്ലാഹുവിന്റെ നടപടിക്രമമാണ് അവനെ തന്റെ അനുഗ്രഹത്തിനുവേണ്ടി തിരഞ്ഞെടുക്കുക എന്നത്. അങ്ങനെ പറഞ്ഞു: അപ്പോൾ ആ നന്മകൾക്കു പകരമായി ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തെ എല്ലാ സവിശേഷഗുണങ്ങൾകൊണ്ടും വിഭൂഷിതനായി കണ്ട് എന്റെ വ്യതദാസനാക്കി. അദ്ദേഹത്തെ നേരായവഴിയിലിടുകയും ചെയ്തു. അതായത് അല്ലാഹുവോളം എത്തിക്കുന്നതായിരുന്നു. മുസ്തഖീം എന്ന പദം സൂചിപ്പിക്കുന്നത് അത് അല്ലാഹുവിലോളം എത്തിക്കുന്ന വഴിയായിരുന്നുവെന്നാണ്. കാരണം മുസ്തഖീമിന്റെവഴി എന്നു പറയുന്നത് രണ്ടു പോയന്റുകളുടെ ഇടയ്ക്കുള്ളതിനാണ്. ദീനീപരമായ കാര്യത്തിൽ ഒരു പോയന്റ് മനുഷ്യനാണ്. രണ്ടാമത്തെ പോയന്റ്

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**‘ഈ സമയത്ത് നമ്മുടെ ജമാഅത്തിന് മസ്ജിദുകൾ വളരെ അനിവാര്യമാകുന്നു. അത് ദൈവഭവനമാണ്. ഏത് ഗ്രാമത്തിലും പട്ടണത്തിലുമാണോ നമ്മുടെ മസ്ജിദ് ഉണ്ടാകുന്നത് അവിടെ ജമാഅത്തിന്റെ പുരോഗതിക്ക് അസ്തിവാരമിട്ടു എന്ന് കരുതിക്കൊള്ളുക. പക്ഷേ, ഒരു നിബന്ധനയുണ്ട്. മസ്ജിദിന്റെ നിർമാണം ശുദ്ധമായ നിയ്യത്തോടു കൂടിയായിരിക്കണം. അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം അത് ചെയ്യേണ്ടത്.’**
**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

---

**ഈ മസ്ജിദ് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം നിങ്ങൾ നിർമിച്ചതാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആരാണോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മസ്ജിദ് നിർമിച്ചത് അല്ലാഹു സ്വർഗത്തിൽ അയാൾക്കുവേണ്ടി അതേപോലെയുള്ള ഭവനം നിർമിക്കുമെന്ന നബി(സ)തിരുമേനിയുടെ ഉപദേശത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരാകട്ടെ.**

**മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തി വഹിക്കുന്നവനായിത്തീരുന്നത് അവന്റെ കല്പനകളനുസരിച്ച് നടക്കുന്നവനായിത്തീരുമ്പോഴാണ്. അവനോടുള്ള ആരാധനയുടെ കടമ നിറവേറ്റുമ്പോഴാണ്. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുമ്പോഴാണ്. കൂറോടും ആത്മാർഥതയോടുംകൂടി ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുമ്പോഴാണ്. നിങ്ങളുടെ ബയ്അത്തിന്റെ കടമ നിറവേറ്റുമ്പോഴാണ്.**

**ഇന്ന് നമ്മളാണ് അല്ലാഹുവിനോടുള്ള കൂറിന്റെ ഉന്നതമായ നില സ്ഥാപിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഇന്ന് ആത്മാർഥതയോടും കൂറോടുംകൂടി അല്ലാഹുവിന്റെ കല്പനകൾ പാലിക്കേണ്ടവർ നമ്മളാണ്. നാലുഭാഗത്തും സ്നേഹം പരത്തേണ്ടവർ നമ്മളാണ്. വെറുപ്പുകളെ അകറ്റേണ്ടവർ നമ്മളാണ്. അല്ലാഹുവിൽ പൂർണമായും തവക്കുൽ ചെയ്യേണ്ടവർ നമ്മളാണ്. എല്ലാ പ്രവൃത്തിയും ചെയ്യുന്നവൻ അല്ലാഹുവാണ്. സമ്പൂർണവും അതിജയിക്കാൻ പോകുന്നതുമായ മതം ഇസ്‌ലാം മാത്രമാണ്.**

---

**നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ദൗത്യം പൂർത്തിയാക്കുന്നതിന് നമ്മൾ നമ്മുടെ കടമകൾ നിറവേറ്റുന്നുണ്ടോ? തിന്മകളെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ? നന്മകളെ സ്വായത്തമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ? ആരാധനകളുടെ നിലവാരം കരസ്ഥമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ?**

**മസ്ജിദുകൾ സജീവമാക്കുന്ന വിശ്വാസികളിൽ നമ്മൾ ഉൾപെടേണ്ടതാണ്. മസ്ജിദുകൾ സജീവമാക്കുന്നവരുടെ അടയാളമെന്തെന്നാൽ അവർ ഒരു നമസ്കാരത്തിനുശേഷം അടുത്ത നമസ്കാരം എപ്പോഴാണെന്ന് പ്രതീക്ഷിച്ചിരിക്കുന്നു.**

**അമേരിക്കയിലെ ഡല്ലസിൽ(Dallas)മസ്ജിദ് ബയ്ത്തുൽഇക്റാമിന്റെ ഉദ്ഘാടനാവസരത്തിൽ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദുഹുല്ലാഹുത്തആല ബി നസ്രിഹിൽ അസീസ് ജമാഅത്തംഗങ്ങൾക്ക് അഹ്മദി മുസ്‌ലിം എന്ന നിലയിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള ഉപദേശം.**

**ഖുത്ബ ജുമുഅ 2022 ഒക്ടോബർ 7/1401 അഖാഅ് 7,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
قُلْ اَمَرَ رَبِّيْ بِالْقِسْطِ ۟ وَاَقِيْمُوْا وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ وَّادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ ۬ كَمَا
بَدَاَكُمْ تَعُوْدُوْنَ ؕ فَرِيْقًا هَدٰى وَفَرِيْقًا حَقَّ عَلَيْهِمُ الضَّلٰلَةُ ؕ اِنَّهُمُ اتَّخَذُوا الشَّيٰطِيْنَ اَوْلِيَآءَ مِنْ
دُوْنِ اللّٰهِ وَيَحْسَبُوْنَ اَنَّهُمْ مُّهْتَدُوْنَ ۝ يٰبَنِيْۤ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ وَّكُلُوْا وَاشْرَبُوْا
وَلَا تُسْرِفُوْا ۚ اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ ۝ (الاعراف:30 تا 32)

പറയുക, എന്റെ നാഥൻ നീതി(പൂർവം പ്രവർത്തിക്കുന്നതിന്)കൽപിച്ചിരിക്കുന്നു. ഓരോ ആരാധനാ (സമയത്തും)സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ(അല്ലാഹുവിലേക്ക്)നേരെ നിറുത്തുക. കീഴ്വണക്കം അവനു മാത്രം അർപിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതുപോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്. ഒരു വിഭാഗത്തെ അവൻ നേർവഴിയിലൂടെ നയിച്ചു. എന്നാൽ, മറ്റൊരു വിഭാഗമാകട്ടെ, ദുർമാർഗം അവർക്ക് അർഹമായിരിക്കുന്നു. തീർച്ചയായും അവർ അല്ലാഹുവിനെ വിട്ട് പിശാചുക്കളെ സുഹൃത്തുക്കളാക്കിയിരിക്കുകയാണ്. (എന്നിട്ട്) തങ്ങളാണ് സന്മാർഗത്തിൽ ചരിക്കുന്നവരെന്ന് അവർ ധരിക്കുകയും ചെയ്യുന്നു.ആദം സന്തതികളേ! നിങ്ങളുടെ ആരാധനയുടെ ഓരോ (സമയത്തും) സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ;എന്നാൽ, ഒന്നിലും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല. (7:30–32)

ഇന്ന് അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ മസ്ജിദ് ഉദ്ഘാടനം ചെയ്യാനുള്ള തൗഫീഖ് പ്രദാനം ചെയ്തുകൊണ്ടിരിക്കുകയാണ്. കുറച്ചുകാലം മുമ്പേതന്നെ ഇതിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്. പക്ഷേ, ഇപ്പോൾ അതിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കുകയാണ്. ഇവിടെ ആദ്യം മസ്ജിദ് എന്ന നിലയിൽ ഒരു ഹാളാണ് നിർമിച്ചിരുന്നത്. ഇപ്പോൾ നിങ്ങൾ മസ്ജിദുതന്നെ നിർമിച്ചിരിക്കുന്നു. ഇപ്പോൾ വളരെ മനോഹരമായൊരു നല്ല മസ്ജിദ് നിർമിക്കപ്പെട്ടിരിക്കുകയാണ്. വിസ്തൃതിയുടെ അടിസ്ഥാനത്തിലും വലിയ മസ്ജിദാണ്. അല്ലാഹു ഈ മസ്ജിദിന്റെ നിർമാണത്തിൽ ഭാഗഭാക്കായ എല്ലാവർക്കും ഈ മസ്ജിദിനോടുള്ള കടമകൾ നിറവേറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ. ഈ മസ്ജിദിന്റെ നിർമാണം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ളത് മാത്രമാകാനും, ആരാണോ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ മസ്ജിദ് നിർമിക്കുന്നത് അല്ലാഹു അവനുവേണ്ടി സ്വർഗ്ഗത്തിൽ അതേപോലെ ഒരു ഭവനം നിർമിക്കുന്നതായിരിക്കുമെന്ന നബി(സ)തിരുമേനിയുടെ വാക്കുകളിൽനിന്ന് അനുഗ്രഹം

സിദ്ധിക്കുന്നവരാകാനും അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.*(സ്വഹീഹ് മുസ് ലിം, കിതാബുൽമസാജിദ്, ബാബു ഫള്ലു ബനാഉൽമസ്ജിദി. ഹദീഥ് 1189)*

അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നിർമിക്കപ്പെട്ട മസ്ജിദിനോടുള്ള കടമകൾ മസ്ജിദ് നിർമാണത്തിനുശേഷം അവസാനിക്കുന്നില്ല. പ്രത്യുത അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുമ്പോൾ മാത്രമാണ് മനുഷ്യൻ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവനാകുക. ആരാധനയോടുള്ള കടമകൾ നിർവഹിക്കുന്നവനായി മാറണം. സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നവനായി മാറണം. വിശ്വസ്തയോടും കൂറോടുംകൂടി ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരാകണം. ബയ്അത്തിന്റെ കടമകൾ നിർവഹിക്കുന്നവനാകണം.

നബി(സ)തിരുമേനിയുടെ സത്യദാസനും കാലത്തിന്റെ ഇമാമുമായ വ്യക്തിയിൽ വിശ്വസിച്ച നമ്മൾ ഭാഗ്യവാന്മാരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ബയ്അത്തിൽ ചേർന്നതിനാൽ നമുക്കുമേൽ വലിയ ഉത്തരവാദിത്വങ്ങളുണ്ടെന്ന് നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ ജോലികൾ ആ മഹാത്മാവിന്റെ ബയ്അത്തിൽ പ്രവേശിച്ചതിനുശേഷം അവസാനിക്കുന്നില്ല. പ്രത്യുത നേരത്തേതിലും വർധിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ മാത്രമേ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചെയ്ത വാഗ്ദാനങ്ങളുടെ അനുഗ്രഹങ്ങൾക്ക് നമ്മൾ അവകാശികളാകുകയുള്ളു. ചുരുക്കത്തിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ നമ്മളിലെ ഓരോരുത്തരും മനസ്സിലാക്കണം.

ഈ മസ്ജിദിനെ ജനനിബിഡമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പരസ്പരം സ്നേഹത്തോടെ കഴിയേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പരസ്പരം സാഹോദര്യത്തിന്റെ സന്ദേശം ലോകത്ത് പരത്തേണ്ടത് നമ്മുടെ കടമയാണ്. ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളുടെ സന്ദേശം ലോകത്ത് പരത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നിരന്തരം ദുആകൾ മുഖേന നമ്മുടെ പരിഷ്കരണത്തിലേക്ക് ശ്രദ്ധിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ തലമുറകളുടെ പരിഷ്കരണത്തിനുവേണ്ടി ചിന്തിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അങ്ങനെയാണെങ്കിൽ മാത്രമേ നമുക്ക് മസ്ജിദിന്റെ കടമകൾ യഥാവിധി നിറവേറ്റാൻ കഴിയുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സന്ദർഭത്തിൽ പറഞ്ഞു: എവിടെയെങ്കിലും ഇസ്ലാമിനെ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അവിടെ മസ്ജിദ് നിർമിക്കുക.*(മൽഫൂദാത്ത് വാല്യം 7, പേജ് 119, 1984 പതിപ്പ്)*

ഇപ്പോൾ ഇവിടെ മസ്ജിദ് നിർമിച്ചതുകൊണ്ട് പ്രത്യക്ഷത്തിൽ ഈ പ്രദേശത്ത് ഇസ്ലാമിനെ പരിചയപ്പെടുത്താൻ കഴിയുന്നതാണ്. ചില അയൽക്കാരും വന്നിട്ടുണ്ടായിരുന്നു. അവർ നല്ല അഭിപ്രായ ങ്ങളാണ് പ്രകടിപ്പിച്ചത്. ഇപ്പോൾ കൂടുതലാളുകൾ വന്നതുകൊണ്ടു തിക്കും തിരക്കുമൊക്കെ ഉണ്ടായിട്ടുണ്ട്. ഏറ്റവും അടുത്തുള്ള അയൽവാസി ഏതാനും ദിവസം മുമ്പേവന്നു പറഞ്ഞു: 'നിങ്ങളുടെ അയൽവാസിയാകാൻ കഴിഞ്ഞതിൽ ഞങ്ങൾ സന്തോഷിക്കുന്നു.' ഏതായാലും നമ്മൾ അയൽവാസികളുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അനാവശ്യമായ ബഹളവും തിക്കുംതിരക്കും ഇവിടെ ഉണ്ടാകാൻ പാടില്ല. നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണ്. ഏതായിരുന്നാലും അയൽവാസികൾക്കൊക്കെ മസ്ജിദിനെ സംബന്ധിച്ച് അറിയാൻ കഴിയും. ഈ വഴിയിലൂടെ കടന്നു പോകുന്നവർക്കും മനസ്സിലാക്കാൻ കഴിയും. ഈ പരിചയത്തിന്റെ മാർഗങ്ങൾ തബ്ലീഗിന്റെ വഴികളും നിങ്ങൾക്ക് തുറന്നു തരുന്നതാണ്.

ആയതിനാൽ ഓരോ അഹ്മദിയും ഇസ്ലാമിക അധ്യാപനത്തിന്റെ മാതൃകയാകേണ്ടതാണ്. ആകാൻ ശ്രമിക്കേണ്ടതാണ്. ലോകത്തിന് ഒരു പ്രത്യക്ഷ വ്യത്യാസം കാണുമാറാകണം. അതായത് ഈ ഭൗതിക ചുറ്റുപാടിൽ ഈ ലോകത്ത് വസിച്ചുകൊണ്ട് ഭൗതിക കാര്യങ്ങൾ ചെയ്തുകൊണ്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയണം. മാത്രമല്ല തങ്ങളുടെ കഴിവുടയവനായ ദൈവവുമായി ബന്ധമുള്ളവരാണെന്നും സൃഷ്ടികളോട് സഹാനുഭൂതിയുള്ളവരാണെന്നും അവർക്ക് ഉപകാരപ്പെടുന്നവരാണെന്നും വ്യക്തമാകണം. ഈ കാര്യങ്ങളെല്ലാം ഭൗതികരായ ആളുകൾ കാണുമ്പോൾ അവർക്ക് അന്വേഷണ ത്വര ഉണ്ടാകുകകയും പിന്നെ അത് ഇസ്ലാമിക പ്രചാരണത്തിനുള്ള മാർഗങ്ങൾ തുറക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ ഓരോ അഹ്മദിയും നേരത്തേതിലും അധികം ഇസ്ലാമിക അധ്യാപനങ്ങളുടെ കർമരൂപമാകേണ്ടതുണ്ട്.

ഞാൻ പാരായണം ചെയ്ത ആയത്തുകളിൽ മസ്ജിദുകളുമായി ബന്ധപ്പെടുന്നവർക്കുമേലുള്ള ചില ഉത്തരവാദിത്വങ്ങളിലേക്ക് അല്ലാഹു ശ്രദ്ധ ക്ഷണിക്കുന്നു. ഏറ്റവുമാദ്യം അല്ലാഹു പറയുന്നു: നീതി നടപ്പിലാക്കുക. നീതിയെ സംബന്ധിച്ച് മറ്റൊരിടത്ത് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ഏതെങ്കിലും സമൂഹത്തിന് നിങ്ങളോടുള്ള ശത്രുത അവരോടു നീതിപൂർവ്വം വർത്തിക്കുന്നതിൽനിന്ന് നിങ്ങളെ തടയാതിരിക്കട്ടെ. നീതിയുടെ ഈ നിലവാരം നിലനിറുത്തുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് മറ്റുള്ളവരെ സംബന്ധിച്ച് തെറ്റായി ചിന്തിക്കാൻ സാധ്യമല്ല. ആർക്കും നഷ്ടം വരുത്തുന്ന പ്രശ്നം ഉദിക്കുന്നില്ല. ഇത്തരമാളുകൾ താൻ എങ്ങനെയാണ് മറ്റുള്ളവർക്ക് ഉപകാരപ്പെടുക എന്നതിന് അവസരം പാർത്തിരിക്കുന്നതാണ്. ഇങ്ങനെ അവകാശങ്ങൾ സ്ഥാപിക്കുന്ന മനുഷ്യൻ തന്റെ ചുറ്റുപാടിലും നല്ല പ്രഭാവമുണ്ടാക്കുന്നതാണ്. സത്യസന്ധമായ ഈ പ്രഭാവങ്ങൾ തബ്ലീഗിനുള്ള മാർഗങ്ങളും തുറക്കുന്നതാണ്. ചുരുക്കത്തിൽ അല്ലാഹു യഥാർഥ വിശ്വാസികളോടു, മസ്ജിദിൽ വരുന്നവരോടു മസ്ജിദ് സംബന്ധമായി ചെയ്യുന്ന ആദ്യത്തെ ഉപദേശം സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് സംവിധാനമുണ്ടാക്കുക എന്നതാണ്. അതിലേറ്റവും പ്രധാനപ്പെട്ട സംഗതി നീതി സ്ഥാപിക്കുക എന്നതാകുന്നു. അന്യരോടും ശത്രുക്കളോടുപോലും നീതിപൂർവ്വം വർത്തിക്കാൻ കൽപിച്ചിരിക്കെ സ്വന്തക്കാരോട് നമ്മൾ എത്രമാത്രം സ്നേഹത്തോടെ കഴിയേണ്ടവരാണ്. ഈ അവസ്ഥ ഉണ്ടാക്കുകയാണെങ്കിൽപ്പിന്നെ അല്ലാഹുവിന്റെ സ്നേഹദൃഷ്ടിയും നമ്മളിൽ പതിയുന്നതാണ്. ഇവർ മസ്ജിദിൽ അല്ലാഹുവിനെ ആരാധിക്കുന്നതിന് പ്രവേശിക്കുമ്പോൾ അല്ലാഹു അവരുടെ ഇബാദത്തുകൾ സ്വീകരിക്കുന്നതുമാണ്. എന്നാൽ, തന്റെ വീട്ടിൽ ഭാര്യമാക്കളോട് നല്ല രീതിയിൽ പെരുമാറാതെ എല്ലാ സമയത്തും കുറ്റം പറയുകയാണെങ്കിൽ കുട്ടികൾ ഏതു സമയത്തും അയാളെ കുറിച്ച് ഭയപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിൽ അയാൾ തന്റെ കർമങ്ങൾ മുഖേന കുട്ടികളെ ദീനിൽ നിന്ന് അകറ്റുന്നതിന് കാരണമായിത്തീരുന്നു. അത്തരം ആളുകളുടെ ജമാഅത്തുപരമായ പ്രവർത്തനങ്ങളും ഇബാദത്തുകളും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായിരിക്കുകയില്ല. ഈ ഇരട്ടമുഖമുള്ള കർമങ്ങൾമുഖേന അയാൾ മാറ്റരേയുമല്ല തന്നെത്തന്നെയാണ് വഞ്ചിക്കുന്നത്.

ചുരുക്കത്തിൽ യഥാർഥ വിശ്വാസി ആന്തരികവും ബാഹ്യവുമായ രീതിയിൽ നീതി സ്ഥാപിക്കുന്നവനാണ്. അവന്റെ വാക്കും പ്രവൃത്തിയും അകവും പുറവും ഒരുപോലെയായിരിക്കും. ഇവർ തന്നെയാണ് യഥാർഥത്തിൽ മസ്ജിദുകളെ സജീവമാക്കുന്നതിന്റെ കടമ നിർവഹിക്കുന്നവർ. കാരണം ഇവരുടെ ഹൃദയം അല്ലാഹുവിനോടുള്ള ഭയത്താൽ പൂരിതമാണ്.

ഈ നിലവാരം കരസ്ഥമാക്കേണ്ടത് നമ്മുടെ കടമയാകുന്നു. അല്ലെങ്കിൽ മസ്ജിദ് നിർമിക്കുകയും ഇവിടെ വന്നു നമസ്കരിക്കുകയും വേഗം വേഗം അത് നിർവഹിച്ചുകൊണ്ട് തലയിൽനിന്ന് ഭാരം ഇറക്കി വെക്കുകയുമാണെങ്കിൽ അതിന് ഒരു പ്രാധാന്യവുമില്ല. മനുഷ്യൻ ഈ നിലവാരം കരസ്ഥമാക്കുമ്പോൾ അവൻ അല്ലാഹുവിന്റെ പക്കൽ ഒരു നിഷ്കളങ്കനായ പൈതലിനെ പോലെയായിത്തീരുന്നു. അവന്റെ പര്യവസാനം നല്ലതായിരിക്കും. കാരണം അവൻ അല്ലാഹുവിനോടുള്ള കടമകൾക്കൊപ്പംതന്നെ സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കുന്നുണ്ടാകും. ആയതിനാൽ താൻ ഒരുപാട് നമസ്കരിക്കുന്നവനാണ്, അഞ്ചുനേരം മസ്ജിദിൽ പോകുന്നുണ്ട്, ജമാഅത്തുപരമായ ജോലികളും നിർവഹിക്കുന്നുണ്ട്, അതൊക്കെ മതിയായതാണെന്ന കാര്യത്തിൽ ആരും അഹങ്കരിക്കേണ്ടതില്ല. നബി(സ)തിരുമേനി പറയുന്നു: സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കാത്തവൻ അല്ലാഹുവിനോടുള്ള കടമകളും നിർവഹിക്കുന്നില്ല. *(ജാമിഉത്തുർമിദി അബ്വാബുൽ ബർറി വസ്സില, ഹദീഥ് 1954)*

അതുകൊണ്ട് ഏതെങ്കിലും അമിതമായ സന്തോഷത്തിൽ കഴിയാൻ പാടില്ല. യഥാർഥ ആരാധന, മസ്ജിദുകളെ സജീവമാക്കുന്നവൻ, തന്റെയുള്ളിൽ അല്ലാഹുവിനോടുള്ള ഭയത്തോടുകൂടി അവന്റെ കൽപനകൾ പ്രാവർത്തികമാക്കുന്നവനാണ്. അല്ലാഹു വീണ്ടും ശക്തമായി ഉപദേശിക്കുന്നു: നിങ്ങൾ അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്നില്ലെങ്കിൽ, മതത്തെ അല്ലാഹുവിനുവേണ്ടി സ്വച്ഛമാക്കി വെക്കുന്നില്ലെങ്കിൽ തങ്ങളുടെ അവസ്ഥകളെ ശരിയായ മാർഗങ്ങളിൽ ആക്കുന്നതിന് നല്ലപോലെ ശ്രമിക്കുന്നില്ലെങ്കിൽ, പശ്ചാത്തപിക്കുന്നതിനും പൊറുക്കലിനെ തേടുന്നതിനും സ്ഥായിയായി ശ്രമിക്കുന്നില്ലെങ്കിൽ ശയ്ത്വാൻ നിങ്ങൾക്കുമേൽ ആധിപത്യം

നേടുന്നതാണ്. ആയതിനാൽ അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് പശ്ചാത്താപത്തിലേക്കും പാപപ്പൊറുതിയിലേക്കും സ്ഥായിയായി ശ്രദ്ധിക്കുക. ഇന്ന് ഈ ഭൗതികമായ ചുറ്റുപാടിൽ പ്രത്യേകമായും ഇക്കാര്യത്തിലേക്ക് വളരെയേറെ ശ്രദ്ധിക്കേണ്ടത് അനിവാര്യമാകുന്നു. എങ്കിൽ മാത്രമേ വിജയങ്ങൾ ലഭിക്കുമാറാകുകയുള്ളൂ. അപ്പോൾ മാത്രമേ നിഷ്കളങ്കരായ പിഞ്ചു പൈതങ്ങളെപോലെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകാൻ കഴിയുകയുള്ളൂ.

മുസ്‌ലിമീങ്ങളുടെ അവസ്ഥ മോശമായതു മുതലാണ് ഇസ്‌ലാമിന്റെ ശോച്യാവസ്ഥ ആരംഭിച്ചത്. അവർ നീതിയെയും ഇബാദത്തുകളെയും പ്രദർശനാപരമാക്കി. അതല്ലെങ്കിൽ അവയോടുള്ള കടമകൾ നിർവഹിച്ചില്ല. അങ്ങനെയെല്ലാം നഷ്ടപ്പെട്ടു പോയി. മനോഹരമായ മസ്ജിദുകൾ തീർച്ചയായും നിർമിച്ച് കൊണ്ടിരുന്നു. നിർമിക്കുന്നുമുണ്ട്. അഹ്‌മദികളുടെ മസ്ജിദുകൾ ഇന്ന് പാകിസ്താനിൽ തകർക്കു ന്നതിലാണ് ശക്തി ചെലുത്തുന്നത്. തങ്ങളുടെ മസ്ജിദുകൾ പോലെ അഹ്‌മദികളുടെ മസ്ജിദുകൾ ആകരുതെന്നും അഹ്‌മദികളുടെ മസ്ജിദുകളിൽ മിനാരങ്ങൾ ഉണ്ടാകരുതെന്നും മിഹ്റാബുകൾ ഉണ്ടാകരു തെന്നും അവർ ആഗ്രഹിക്കുന്നു. എന്നിട്ടും അവർക്കുള്ളിൽ ഇബാദുർറഹ്‌മാൻ ഉണ്ടാകുന്നില്ല. തങ്ങൾ അഹ്‌മദികൾക്കുമേൽ അക്രമണം നടത്തുന്നുവെന്നും അവരുടെ ധാരണയനുസരിച്ച് അഹ്‌മദികളെ ശരിയായ പാതയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്ന കാര്യത്തിലും അവർ അഹങ്കരിക്കുകയാണ്. ഏതായിരുന്നാലും ആദ്യകാലത്തും ഈ ശോച്യാവസ്ഥ ഉണ്ടായിട്ടുണ്ട്. അതിനുകാരണം മസ്ജിദുകളുടെ ജനബാഹുല്യം ബാഹ്യമായിട്ടായിരുന്നു. എവിടെയെങ്കിലും മാത്രം ഒറ്റപ്പെട്ട യഥാർഥ മുസ്‌ലിംമീങ്ങളെ കാണാമായിരുന്നു. പക്ഷേ, പൊതുവിൽ ശോച്യാവസ്ഥയായിരുന്നു. ഇതെല്ലാം ഉണ്ടാകേണ്ടതും അനിവാര്യമായിരുന്നു. നബി(സ)തിരുമേനി അത് സംബന്ധിച്ച് മുന്നറിയിപ്പു നൽകിയിട്ടുള്ളതാണ്. എന്നാൽ, ആ അന്ധകാര കാലഘട്ടത്തിനുശേഷം മസീഹ് മൗഊദ്(അ) മുഖേന പ്രകാശത്തിന്റെ കാലം വന്നു. ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുന്നതാണെന്ന വിശുദ്ധ ഖുർആനിന്റെ കല്പനകൾക്ക് വിധേയമായി നടക്കാമെന്നുള്ള ഉടമ്പടി അനുസരിച്ച് നബി(സ) തിരുനബിയുടെ ആ സത്യദാസന് ബയ്അത്ത് ചെയ്യുന്നതിനുള്ള തൗഫീഖ് നമുക്ക് ലഭിച്ചു. അതുകൊണ്ട് ഞാൻ പറഞ്ഞു വന്നതുപോലെ നമ്മുടെ അവസ്ഥകളിലേക്ക് ശ്രദ്ധിക്കേണ്ടത് വളരെ അനിവാര്യമാകുന്നു. ഈ ഭൗതികരായ ആളുകളുടെ മസ്ജിദുകളുടെ അവസ്ഥയിൽനിന്ന് നമ്മുടെ മസ്ജിദുകൾ സംരക്ഷിക്കേണ്ടതായി വരും. അതു സംബന്ധമായി ഹദ്റത്ത് അലി(റ)യിൽ നിന്നുള്ള ഒരു നിവേദന മുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: 'ഒരു കാലം വരാനിരിക്കുന്നു. അന്ന് ഇസ്‌ലാമിന്റെ പേരല്ലാതെ മറ്റൊന്നും ബാക്കിയാകുന്നതല്ല. ഖുർആനിന്റെ ലിപികളല്ലാതെ മറ്റൊന്നും ശേഷിക്കുന്നതല്ല. ആ കാലത്ത് മസ്ജിദുകൾ പ്രത്യക്ഷത്തിൽ ജനനിബിഡമായി കാണാവുന്നതാണ്. എന്നാൽ, അവ സന്മാർഗ ശൂന്യമായിരിക്കും. അവരുടെ ഉലമാക്കൾ ആകാശത്തിൻകീഴിൽ നികൃഷ്ട ജീവികളായിത്തീരും. എല്ലാ ഫിത്നകളും അവരിൽനിന്ന് പുറപ്പെടുകയും അവരിലേക്കു തന്നെ മടങ്ങുകയും ചെയ്യും.*(അൽജാമിഉ ലിശഅ്ബിൽ ഈമാൻ, ഭാഗം 3, പേജ് 318, ഹദീഥ് 1763, മക്തബ് അർറുശ്ദ് നാശിറൂൻ റിയാള് 2003)*

ഇതൊക്കെ തന്നെയാണ് നമ്മൾ ഇന്ന് അധികം മസ്ജിദുകളിലും കണ്ടു കൊണ്ടിരിക്കുന്നത്. ഇന്ന് നമ്മൾ ഈ കണ്ടുകൊണ്ടിരിക്കുന്ന ഈ അവസ്ഥകൾ നമ്മെ ജാഗ്രതപ്പെടുത്തേണ്ടിയിരിക്കുന്നു. അവർക്കിടയിൽ ഫിതനകൾ അല്ലാതെ മറ്റൊന്നും തന്നെയില്ല. അവർ ശക്തി ചെലുത്തുന്നുവെങ്കിൽത്തന്നെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ജമാഅത്തിന്റെ മസ്ജിദുകളുടെ മിനാരങ്ങൾ തകർക്കാൻ വേണ്ടിയാണ്. അവർ അതിനെ മസ്ജിദെന്ന് പറയുന്നില്ല. ആരാധാനാലയം എന്നാണ് പറയുക. അതിന്റെ മിഹ്റാബുകൾ തകർക്കുന്നു. ഇത് അവരുടെ 'ദീനീ പരമായ' സേവനമാണ്. ഒരു നീതിയുമില്ല. ചുരുക്കത്തിൽ ഇതെല്ലാംതന്നെ ആത്മാർഥമായി മസ്ജിദുകളോടും ദൈവദാസന്മാരോടുമുള്ള കടമകൾ എങ്ങനെയാണ് നിറവേറ്റണ്ടതെന്ന കാര്യത്തിൽ നമുക്ക് പാഠങ്ങൾ നൽകുന്നുണ്ട്.

നേരത്തെ പറഞ്ഞ ആയത്തുകളിലെ ആദ്യത്തെ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്‌ലാമിന്റെ ഭൗതികമായ അവസ്ഥയിലും ദൗർബല്യങ്ങൾ വന്നിരിക്കുന്നു. മുഖ്‌ലിസീന ലഹുദ്ദീൻ എന്നതിൽ പറഞ്ഞ പ്രതാപവും അന്തസ്സും മുസ്‌ലിം സാമ്രാജ്യങ്ങൾക്ക് അന്യമായി. ദീനീപരമായും അതിന്റെ മാതൃകകൾ കാണുന്നില്ല, ആന്തരികമായി ഇസ്‌ലാമിന്റെ അവസ്ഥ വളരെ ദുർബലപ്പെട്ടിരിക്കുന്നു. ഭൗതികമായി ആക്രമിക്കുന്നവർ ഇസ്‌ലാമിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അവരുടെ വീക്ഷണത്തിൽ മുസ്‌ലിമീങ്ങൾ നായ്ക്കളെക്കാളും പന്നികളെക്കാളും നികൃഷ്ടരാണ്. അവരുടെ ലക്ഷ്യം ഇസ്‌ലാമിനെയും മുസ്‌ലിമീങ്ങളെയും നശിപ്പിക്കുകയാണ്. ഇനി അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ സഹായവും പ്രകാശപൂരിതവുമായ അടയാളങ്ങളും കൂടാതെ ഇവരെ നേരിടാൻ സാധ്യമല്ല. ഈ ഉദ്ദേശ്യസാഫല്യത്തിന് തന്നെയാണ് അല്ലാഹു തന്റെ കരങ്ങളാൽ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്.'*(മൽഫൂദാത്ത് വാല്യം 3, പേജ് 450, 1984 പതിപ്പ്)*

ചുരുക്കത്തിൽ ഇത്തരം അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്ന നമ്മൾ നമ്മുടെ അവസ്ഥകളെ ബയ്അത്തിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കിക്കൊണ്ട് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് ശരിയാക്കുന്നില്ലെങ്കിൽ, നമ്മുടെ അവസ്ഥകളിലേക്ക് ഏത് സമയത്തും ശ്രദ്ധ പതിപ്പിക്കുന്നില്ലെങ്കിൽ ഒരിക്കലുംതന്നെ നമുക്ക് ഇസ്‌ലാമിന്റെ പുനരുജ്ജീവന ഘട്ടത്തിൽ തങ്ങളുടെ ബയ്അത്തുകളെ യഥാവിധി നടപ്പിൽ വരുത്തുന്നവരുടെ ഗണത്തിൽ ഉൾപ്പെടാൻ കഴിയുന്നതല്ല. നമ്മൾ തന്നെയാണ് ഇസ്‌ലാമിന്റെ നഷ്ടപെട്ട പ്രതാപത്തെ വീണ്ടും സ്ഥാപിക്കേണ്ടവർ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വരച്ചു കാണിച്ച ഈ നഖചിത്രം വളരെ ഭയാനകമാകുന്നു. പ്രത്യക്ഷത്തിൽ അതാണ് കണ്ടുകൊണ്ടിരിക്കുന്നതും. നമ്മൾ ലോകത്തോടു വിളിച്ചു പറയണം, നിങ്ങൾ ഇസ്‌ലാമിനെയും മുസ്‌ലിമീ ങ്ങളെയും നിന്ദ്യരായി ഗണിക്കുന്നു. നിങ്ങളുടെ വീക്ഷണത്തിൽ ഇത് മൃഗങ്ങളെക്കാളും മോശമായ അവസ്ഥയുമാകുന്നു. എന്നാൽ, ഓർത്തുകൊള്ളുവിൻ! ഈ ആളുകളുടെ അധ്യാപനമനുസരിച്ച് വർത്തി ച്ചെങ്കിൽ മാത്രമെ ഈ ലോകത്തിന് നിലനിൽപുണ്ടാകുകയുള്ളൂ. അതുകൊണ്ട് പൂർണമായ ആത്മവിശ്വാസത്തോടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അവന്റെ മുന്നിൽ കുനിഞ്ഞ് ചോദിച്ചുകൊണ്ട് നമ്മൾ ഈ ലോകത്തിന് മാർഗ്ഗദർശനം നൽകേണ്ടതായിവരും.

ചില യുവാക്കൾ ചോദിക്കുന്നു, നമുക്കെങ്ങനെയാണ് ഈ ലോകത്തെ നേരിടാൻ കഴിയുക? അവർ നമ്മെ പരിഹസിച്ചുകൊണ്ടിരിക്കുന്നു. അവരോടും എനിക്ക് ഇതേ പറയാനുള്ളൂ, 'ആത്മവിശ്വാസമുണ്ടാക്കുക. ഈ ലോകത്തിന്റെ നിലനിൽപ് നമ്മുടെ കൈകളിലാണെന്ന് ഉറച്ചു വിശ്വസിക്കുക. കാരണം നമ്മൾ ലോകത്തിന് ജീവൻ നൽകാൻ അല്ലാഹു അയച്ച, നബി(സ)തിരുമേനിയുടെ സന്ദേശത്തെ ലോകത്ത് പരത്തുന്നതിനുവേണ്ടി അവൻ നിയോഗിച്ച മസീഹ് മൗഊദിനെ, നബി(സ)തിരുമേനിയുടെ സത്യദാസനെ വിശ്വസിക്കുന്നവരാകുന്നു. ഇനി ഈ മഹാത്മാവുമായി ഒട്ടിച്ചേർന്നുനിന്നാൽ മാത്രമേ ഈ ലോകവും ഭൗതിക ലോകവും ശോഭനമാക്കുവാൻ കഴിയുകയുള്ളൂ. ഭൗതിക ലോകത്തോട് വിളിച്ചു പറയുക, 'നിങ്ങൾ ഈ ലോകത്തിന്റെ വർണ്ണാഭമായ തിളക്കത്തിലും പുരോഗതിയിലും ആനന്ദിക്കേണ്ട. മരണത്തിന് ശേഷമുള്ള ജീവിതമാണ് ശാശ്വതമായ ജീവിതം. അവിടെ അവൻ വെറും കൈയോടെയാണ് പോകുന്നതെങ്കിൽ അല്ലാഹുവിന്റെ വെറുപ്പിനെ അഭിമുഖീകരിക്കേണ്ടതായിവരും. പിന്നെ അവൻ എങ്ങനെയാണ് പെരുമാറുകയെന്ന് അവനു മാത്രമേ അറിയുകയുള്ളൂ. എന്നാൽ, അതോടൊപ്പംതന്നെ ലോകത്തിന് ഇത്രയും വിശദമായി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ നമ്മുടെ വാക്കും പ്രവൃത്തിയും ആ അധ്യാപനത്തിന് അനുസൃതമാക്കാനും ശ്രമിക്കേണ്ടതാണ്. നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉന്നതമാക്കണം. സൃഷ്ടികളോടുള്ള കടമകളുടെ നിലവാരവും ഉയർത്തണം.ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിമീങ്ങളുടെയും ഇസ്‌ലാമിന്റെയും അവസ്ഥകൾ വിവരിച്ചുകൊണ്ട് പറയുന്നു: 'ഇന്ന് അറിയപ്പെടുന്ന ഇസ്‌ലാമിന്റെ പേര് വ്യത്യസ്തമാണ്. മോശമായ എല്ലാ സ്വഭാവങ്ങളും അവരിലുണ്ടായിരിക്കുന്നു. അതായത്, ഉന്നതമായ സ്വഭാവങ്ങളുടെ അവസ്ഥ തന്നെയില്ല. മുഖ്‌ലിസീനലഹുദ്ദീൻ എന്നതിൽ പറഞ്ഞ ആത്മാർഥത ആകാശത്തേക്കുയർന്നു പോയിരിക്കുന്നു. അല്ലാഹുവിനോടുള്ള കൂറും ആത്മാർഥതയും സ്നേഹവും അർപ്പണബോധവും ഇല്ലാതായിരിക്കുന്നു. ഇപ്പോൾ അല്ലാഹു വീണ്ടും ഈ ശക്തികളെ ജീവസ്സുറ്റതാക്കാൻ ഉദ്ദേശിച്ചു.'*(മൽഫൂദാത്ത് വാല്യം 7, പേജ് 352 -353 1984 പതിപ്പ്)*

ഇസ്‌ലാമിന്റെ ഈ അധഃപതനാവസ്ഥയെ സംരക്ഷിക്കുന്നതിന് അല്ലാഹു അയച്ച വന്ദ്യ

മഹാത്മാവുമായി ബന്ധമുള്ളവരാണെന്ന കാര്യത്തിൽ നമ്മൾ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അമുസ്‌ലിമീങ്ങളും ഇസ്‌ലാം വിരോധികളും ഇസ്‌ലാമിനെ ആക്രമിക്കുകയും ഈ മഹത്തായ മതത്തെ നിന്ദ്യമായി കരുതുകയും ചെയ്യുന്നതിൽ മുസ്‌ലിമീങ്ങൾക്കും പങ്കുണ്ട്. മുസ്‌ലിമീങ്ങൾ വ്യതിചലിച്ചില്ലായിരുന്നുവെങ്കിൽ ശത്രുക്കൾക്കൊരിക്കലും ഇങ്ങനെ ഇസ്‌ലാമിനെ ആക്രമിക്കാൻ ധൈര്യമുണ്ടാകുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഇന്ന് നമ്മൾ മാത്രമാണ് അല്ലാഹുവിനോടുള്ള കൂറിന്റെ നിലവാരം നിലനിറുത്തേണ്ടവർ. നമ്മൾതന്നെയാണ് ആത്മാർഥതയോടും കൂറോടുംകൂടി അല്ലാഹുവിന്റെ കല്പനകളെ പ്രാവർത്തികമാക്കേണ്ടവർ. നമ്മൾത്തന്നെയാണ് നാലുഭാഗത്തും സ്നേഹം പരത്തുകയും വെറുപ്പ് അകറ്റുകയും ചെയ്യേണ്ടവർ. എല്ലാ കാര്യങ്ങളും അല്ലാഹുവാണ് ചെയ്യുന്നതെന്ന പൂർണ അർപ്പണ ബോധമുണ്ടാകേണ്ടവരും നമ്മൾ തന്നെയാണ്. ഇസ്‌ലാംതന്നെയാണ് സമ്പൂർണമായിട്ടുള്ളതും ജേതാവാകേണ്ടതുമായ മതം. അതിനുവേണ്ടി നമ്മൾ നമ്മുടെ എല്ലാ കഴിവുകളും വിനിയോഗിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുൽത്വാനുന്നസീർ അതായത് ശക്തരായ സഹായികളായി മാറണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ, അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ഇൻശാ അല്ലാഹ് പൂർത്തിയാക്കുക തന്നെ ചെയ്യും. അത് അല്ലാഹുവിന്റെ വിധിയാകുന്നു. നമ്മൾ ഈ കാര്യത്തിൽ സഹായികളായി തീരുകയാണെങ്കിൽ അല്ലാഹുവിന്റെ അനു ഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായി മാറും. നമ്മൾ മുന്നോട്ട് ഗമിക്കുന്നില്ലെങ്കിൽ അല്ലാഹു മറ്റാളുകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായത്തിന് അയക്കുന്നതാണ്. ഏതായാലും ഈ കർമങ്ങൾ അവൻ പൂർത്തിയാക്കുകതന്നെ ചെയ്യും.

അതുകൊണ്ട് നമ്മൾ നമ്മുടെ അവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്. കുറവുകളും ദൗർബല്യങ്ങളും അകറ്റാൻ ശ്രമിക്കേണ്ടതാണ്. ഏതുതരം ന്യൂനതകളാണ് അകറ്റേണ്ടതെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഈ കാലഘട്ടത്തിൽ പ്രദർശനപരതയും മിഥ്യാഭിമാനവും ഗർവ്വും അഹങ്കാരവും ഒരു തരത്തിൽ കാണപ്പെടുന്നു. സ്വാർഥതയും തങ്ങൾ തന്നെയാണ് എല്ലാമെന്ന് കരുതുന്ന തും അഹങ്കാരവും മിഥ്യാഭിമാനവും തൻപോരിമയും തുടങ്ങിയ മോശം സ്വഭാവങ്ങൾ വർധിച്ചുവരുന്നു. മുഖ്‌ലിസീന ലഹുദ്ദീൻ മുതലായ നല്ല സ്വഭാവങ്ങൾ ആകാശത്ത് കരേറി പോയിരിക്കുന്നു.*(മൽഫൂദാത്ത് വാല്യം 6, പേജ് 353 അടിക്കുറിപ്പ്)* അല്ലാഹുവിനോടുള്ള അർപ്പണ ബോധവും ഉപായങ്ങളും ഇല്ലാതായിരിക്കുന്നു. അല്ലാഹു ഇതെല്ലാം വീണ്ടും ബീജാവാപം ചെയ്യാൻ ആഗ്രഹിക്കുന്നു.'

അദ്ദേഹം പറയുകയാണ്: 'ഈ ചിന്തകളെല്ലാം വർധിച്ചിരിക്കുന്നു. നന്മകൾ ഇല്ലാതായിരിക്കുന്നു. എന്നാൽ, അല്ലാഹു തന്റെ ദാസന്മാരോട് ഏറെ കരുണയുള്ളവനാകുന്നു. അവൻ തന്റെ അടിയാറുകളെ നഷ്ടത്തിലാക്കാൻ ആഗ്രഹിക്കുന്നില്ല. നന്മകൾ വളരണമെന്നും തിന്മകൾ ഇല്ലാതാകണമെന്നും അവൻ ആഗ്രഹിക്കുന്നു. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തീകരിക്കാൻ നമ്മുടെ കർത്തവ്യങ്ങൾ ചെയ്യുന്നുണ്ടോ എന്ന് നമ്മൾ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ തിന്മകൾ ഇല്ലാതാക്കാൻ പരിശ്രമിക്കുന്നുണ്ടോ? നന്മകളെ സ്വായത്തമാക്കാൻ എല്ലാ നിലയ്ക്കും ശ്രമിക്കുന്നുണ്ടോ? ഇബാദത്തുകളുടെ നിലവാരം ലഭിക്കുന്നതിന് നമ്മൾ പൂർണമായും പ്രയത്നിക്കുന്നുണ്ടോ?

നന്മകൾ ചെയ്യാനുള്ള തൗഫീഖും അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ലഭ്യമാകുക. ഇബാദത്തുകൾ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാകാതെ, കേവലം നമ്മുടെ ആഗ്രഹങ്ങളുടെ സംതൃപ്തിക്കും പരിപൂർത്തിക്കുംവേണ്ടി മാത്രം ചെയ്യുന്നവയാണെങ്കിൽ നമ്മുടെ പരിശ്രമങ്ങളെല്ലാം വൃഥാവിലാകുന്നു. അഥവാ ഈ കാര്യങ്ങൾ കരസ്ഥമാക്കണമെന്ന നമ്മുടെ ആഗ്രഹങ്ങൾ അസ്ഥാനത്താകുന്നു. ആയതിനാൽ വളരെ ആഴത്തിൽ ആത്മപരിശോധന നടത്തേണ്ടതാണ്. പാപപ്പൊറുതിക്കുവേണ്ടി ഒരുപാട് പ്രാർഥിക്കേണ്ടതാണ്. നമ്മുടെ കർമങ്ങൾ നിരന്തരം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്യണ്ടത് നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'കർമങ്ങൾക്ക് ആത്മാർഥത ഉണ്ടാകണമെന്ന നിബന്ധനയുമുണ്ട്.' പറയുന്നു: ***'മുഖ്‌ലിസീന ലഹുദ്ദീൻ.*** ഈ ആത്മാർഥത അബ്ദാൽ അഥവാ സുകൃതവാന്മാരിലാണുണ്ടാകുന്നത്. പറഞ്ഞു: നല്ലവണ്ണം ഓർത്തുകൊള്ളുക! ആരാണോ അല്ലാഹുവിന്റേതായി തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു.'*(മൽഫൂദാത്ത് വാല്യം 8, പേജ് 354-455, 1984 പതിപ്പ്)*

ഈ തത്ത്വരഹസ്യം സ്വായത്തമാക്കേണ്ടത് അനിവാര്യമാകുന്നു. നമ്മൾ അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കാതെ അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിക്കുന്നില്ലെന്ന് പറയുന്നു. ഇങ്ങനെയും ചിലയാളുകൾ പരാതിപെടുന്നുണ്ട്. ആയതിനാൽ നമ്മൾ എത്രമാത്രം അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കി എന്ന് പരിശോധിക്കുക. അല്ലാഹു ഏറെ ഔദാര്യവാനാകുന്നു. നമ്മുടെ ഒരുപാട് തെറ്റുകളുണ്ടായിട്ടുപോലും അവൻ നമ്മെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ട് എങ്ങനെയാണ് അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കേണ്ടതെന്നും നമ്മൾ നോക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള ഏറ്റവും വലിയ കടമ അവന് ഇബാദത്തുകൾ യഥാവിധി നിർവഹിക്കുക എന്നതാണ്. നമ്മൾ മസ്ജിദ് നിർമിച്ചിട്ടുണ്ടെങ്കിൽ അതിനോടുള്ള കടമകളും പൂർത്തിയാക്കണം. അതിൽ ആത്മാർഥതയോടുകൂടി ഇബാദത്ത് ചെയ്യാൻ വരേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: 'താൻ ജിന്നിനെയും ഇൻസിനെയും തന്നെ ആരാധിക്കാൻ വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് അല്ലാഹു പറയുന്നു.' ഈ ആരാധനയും അന്തസ്സുടയവനായ നാഥന്റെ മുന്നിൽ എപ്പോഴും നിൽക്കണമെങ്കിലും വ്യക്തിപരമായ സ്നേഹമുണ്ടാക്കാതെ സാധ്യമല്ല. സ്നേഹം എന്ന് പറയുമ്പോൾ ഏക പക്ഷീയമാകരുത്. പ്രത്യുത സ്രഷ്ടാവിന്റേയും സൃഷ്ടികളുടേയും സ്നേഹങ്ങളാണ് വിവക്ഷിതം. അങ്ങനെ അത് മരിക്കുന്ന ഒരുവനിൽ വൈദ്യുതി കണക്കെ പ്രസരിക്കുന്നു. ആ സമയത് മനുഷ്യന്റെ ഉള്ളിൽ നിന്ന് അത് പുറത്തു വന്ന് ശരീഅത്തുപരമായ അവന്റെ ന്യൂനതകൾ കരിച്ചു കളയുന്നു. രണ്ടും കൂടിച്ചേർന്ന് ആത്മീയമായ അസ്തിത്വത്തിനുമേൽ നിയന്ത്രണം ഏറ്റെടുക്കുന്നു.' *(ഉമീമ ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 217 -218)*

അതുകൊണ്ട് ശാശ്വതമായ ശ്രദ്ധയോടുകൂടി, സുസ്ഥിരമായ ശ്രദ്ധയോടുകൂടി തങ്ങളുടെ നമസ്കാരങ്ങൾ സംരക്ഷിക്കേണ്ടതായി വരും. ഇത് അല്ലാഹുവിനോട് സ്നേഹമുണ്ടാകുമ്പോഴാണ് സാധ്യമാകുക. മറ്റാരോടുമില്ലാത്ത വ്യക്തിപരമായ സ്നേഹമുണ്ടായിരിക്കണം. അപ്പോൾ അല്ലാഹുവിന്റെ സ്നേഹവും മനുഷ്യന് അല്ലാഹുവിനോടുള്ള സ്നേഹവും ഒരു വിപ്ലവമുണ്ടാക്കുന്ന സ്ഥിതിയിലെത്തുന്നു. ആരാണോ കുറച്ചു ദുആകൾ ചെയ്തതിനുശേഷം ക്ഷീണിക്കുകയോ അതല്ലെങ്കിൽ ദുആയുടെ തത്ത്വ രഹസ്യം മനസ്സിലാക്കാനും അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കാനും ആഗ്രഹിക്കുകയോ ചെയ്യുന്നത് അവർ ഈ നിലയ്ക്കും ഒന്ന് ചിന്തിക്കേണ്ടതാണ്. കേവലം ആവശ്യങ്ങൾ വരുന്ന സമയത്തു മാത്രം അല്ലാഹുവിന്റെ വാതിലിൽ

ശേഷം പേജ് 8 ൽ

## • അല്ലാഹുവിന്റെ കലാം •

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**അഹ്മദികളായ നമ്മുടെമേൽ അല്ലാഹു ചെയ്തിട്ടുള്ള ഏറ്റവും വലിയ ഔദാര്യം കാലത്തിന്റെ ഇമാമിനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ആശിഖിനേയും വിശ്വസിക്കാൻ നമുക്ക് തൗഫീഖ് നല്കി എന്നതാണ്.**

**അതിനുള്ള നന്ദി എന്നു പറയുന്നത് നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുകയും അവന് ഇബാദത്തു ചെയ്യുന്നതിന്റെ കടമ നിറവേറ്റുകയും ചെയ്യുക എന്നതാണ്; അവന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുക.**

**ആശങ്കകളും അസ്വസ്ഥതകളുമുള്ള വിശ്വാസം ഒരു സൽഫലവുമുണ്ടാക്കുന്നതല്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)'ഹക്കം'ആണെന്ന് നിങ്ങൾ സത്യഹൃദയത്തോടെ അംഗീകരിച്ചതാണെങ്കിൽ ആ ഹക്കം അഥവാ നീതിമാനായ വിധികർത്താവിനു മുമ്പിൽ നിങ്ങളുടെ ആയുധം താഴെയിടുക. നിങ്ങൾ നബി(സ) തിരുമേനിയുടെ കാര്യങ്ങൾക്ക് ആദരവും മഹത്ത്വവും നല്കുന്നവരായിത്തീരുന്നതിന് അദ്ദേഹത്തിന്റെ തീർപുകളെ ആദരവോടുകൂടി നോക്കുക.**

**ഖിലാഫത്തിനോടുള്ള പ്രതിബദ്ധതയുടേയും അനുസരണത്തിന്റേയും പ്രതിജ്ഞ നിറവേറ്റേണ്ടത് ഓരോ അഹ്മദിയുടെ കർത്തവ്യമാകുന്നു. ഇല്ലെങ്കിൽ അത് അപൂർണമായിരിക്കും.**

**യാഥാർഥ്യമെന്തെന്നാൽ നിങ്ങൾ നീരുറവയുടെ സമീപത്തെത്തിയിരിക്കുന്നു. അത് അല്ലാഹു ശാശ്വത ജീവിതത്തിനുവേണ്ടി ഇക്കാലത്ത് തയ്യാറാക്കിയതാണ്. അതേ! ഇനി ജലപാനം ബാക്കിയുണ്ട്.**

**ഈ ജനങ്ങൾ ഒരിക്കലും നമ്മെ രക്ഷപ്പെടുത്തുകയില്ല. നമ്മുടേയോ നമ്മളുടെ മക്കളുടേയോ ഭാവി സുരക്ഷിതമാക്കുകയുമില്ല. എന്നാൽ, നമ്മൾ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന കലിമയോടുള്ള കടമകൾ നിറവേറ്റുന്നവരാണെങ്കിൽ അല്ലാഹു നമ്മുടെ എളിയ പ്രാർഥനകൾ മുഖേനയും സൽകർമങ്ങൾ കൊണ്ടും ലോകത്തെ അല്ലാഹു രക്ഷപ്പെടുത്തും.**

**നമ്മൾ കലിമ ചൊല്ലുമ്പോൾ യഥാർഥത്തിൽ അല്ലാഹു നമുക്കെല്ലാ വസ്തുക്കളെക്കാളും പ്രിയപ്പെട്ടവനായി തോന്നാറുണ്ടോ? അവന്റെ തൃപ്തികരസ്ഥമാക്കലാണോ നമ്മുടെ ഉദ്ദേശ്യം? യഥാർഥത്തിൽ നമ്മൾ അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കുന്നുണ്ടോ?**

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമകൾ നിറവേറ്റുന്നതിന് ആത്മീയവും ധാർമികവുമായ അവസ്ഥകൾ മെച്ചപ്പെടുത്താൻ ഉപദേശം

**ലോകത്തെ നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ പ്രാർഥനയ്ക്കുള്ള ആഹ്വാനം**

**ഖുത്ബ ജുമുഅ 2022 ഒക്ടോബർ 14/1401 അഖാഅ് 14, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഈ വികസിത രാജ്യത്ത് വരാൻ തൗഫീഖ് പ്രദാനം ചെയ്തത് നിങ്ങളുടെമേൽ അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്, അഹ്മദിയ്യാ ജമാഅത്തിനുമേൽ വലിയ ഔദാര്യമാണ്, ഈ രാജ്യത്ത് വരുന്നവരുടെമേൽ വലിയ ഔദാര്യമാണ്. പ്രത്യേകിച്ചും കഴിഞ്ഞ ഏതാനും വർഷങ്ങളായി പാക്കിസ്താനിൽനിന്ന് നിരവധി അഹ്മദികൾ ഇവിടെ വന്നിട്ടുണ്ട്. വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പാക്കിസ്താനിൽനിന്ന് ഇവിടെ ഹിജ്റത്ത് ചെയ്ത് വരാൻ കാരണം അവിടെ അഹ്മദികളുടെ അവസ്ഥ കൂടുതൽക്കൂടുതൽ ദുഷ്കരമായിക്കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് അവിടെയുള്ള താമസം ബുദ്ധിമുട്ടായിക്കഴിഞ്ഞിരിക്കുന്നു. നിരവധി മർദിതരായ അഹ്മദികൾക്ക് ഇവിടെ താമസിക്കാൻ ഇടം നല്കിയതിൽ അഹ്മദികൾ ഈ നാടുകളിലെ ഭരണകൂടങ്ങളോടു നന്ദിയുള്ളവരായിരിക്കണം. എന്നാൽ, അഹ്മദികൾക്കുമേൽ അല്ലാഹു നല്കിയ ഏറ്റവും വലിയ ഔദാര്യമെന്തെന്നാൽ, അവൻ നമുക്ക് കാലത്തിന്റെ ഇമാമിനെ നബി(സ)തിരുമേനിയുടെ സത്യദാസനെ വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്തിരിക്കുന്നു എന്നതാണ്.

അതുകൊണ്ട് നമ്മൾ എത്രതന്നെ അവനോടു നന്ദിപ്രകടിപ്പിച്ചാലും അത് കുറവായിരിക്കും. അല്ലാഹുവിനോടു നന്ദി അവന്റെ കല്പനകൾക്കനുസരിച്ച് ജീവിക്കുക എന്നതാകുന്നു. അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും പൂർത്തിയാക്കുന്നവരായി മാറുക. അപ്പോൾ മാത്രമെ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമകൾ യഥാവിധി നിറവേറ്റാൻ കഴിയുകയുള്ളൂ. കാരണം ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ് ഹദ്റത്ത് മുഹമ്മദുറസൂലുല്ലാഹി(സ)ന്റെ പ്രവചനമനുസരിച്ച് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളിലൂടെ നമ്മെ നടത്തിയ മാർഗദർശി.

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന മാത്രമെ നമുക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലഭിക്കുകയുള്ളുവെന്ന യാഥാർഥ്യം ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തിന് അല്ലാഹു ഇക്കാലഘട്ടത്തിൽ വിശുദ്ധ ഖുർആനിന്റെ ആധ്യാത്മികജ്ഞാനങ്ങളും ഇസ്‌ലാമിന്റെ യഥാർഥ അറിവും പ്രദാനം ചെയ്തിരിക്കുന്നു. അദ്ദേഹം മാത്രമാണ് നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി. അദ്ദേഹം നബി(സ)തിരുമേനിയുടെ അധ്യാപനവും മാർഗദർശനവും അനുസരിച്ച് തന്റെ ജമാഅത്തിന് ശിക്ഷണം നല്കാനാഗ്രഹിക്കുന്നു. അതിനാൽ നമ്മൾ യഥാർഥ മുസ്‌ലിമീങ്ങളായിത്തീരാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്കുതന്നെ ശ്രദ്ധിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞ വഴികളിൽ തങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. തങ്ങളുടെ വിശ്വാസത്തെ ദൃഢഗാഢമാക്കിത്തീർക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ആഗമനത്തിൽ വിശ്വാസവും ദൃഢജ്ഞാനവും കരസ്ഥമാക്കേണ്ടതാണ്. അദ്ദേഹത്തെ നീതിമാനായ വിധികർത്താവായി അംഗീകരിക്കേണ്ടതാണ്. ഇനി ആ മഹാത്മാവു പറഞ്ഞുതന്ന മാർഗങ്ങളിലൂടെ മാത്രമെ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളിൽ ചരിക്കാൻ കഴിയുകയുള്ളുവെന്ന് ഉറപ്പിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നിൽ ദൃഢജ്ഞാനവും വിശ്വാസവും ആർജിക്കാൻ ഉപദേശിച്ചുകൊണ്ട് തന്റെ ബയ്അത്തിൽ വന്നവരോടു പറയുന്നു: 'വിശ്വാസം സ്വീകരിച്ചവർ, തങ്ങളുടെ വിശ്വാസത്തിൽ ദൃഢജ്ഞാനവും ദിവ്യജ്ഞാനവും കരസ്ഥമാകുന്ന അവസ്ഥയിലേക്ക് ഉയരേണ്ടതാണ്. വിശ്വാസം മാത്രം

പോര, അതിൽ ദൃഢജ്ഞാനവുമുണ്ടാകണം. നമ്മൾ എന്തിനാണ് ബയ്അത്ത് ചെയ്തതെന്ന തിരിച്ചറിവും കരസ്ഥമാക്കണം. അതല്ലാതെ വീണ്ടും ഊഹങ്ങളിൽ അകപ്പെടരുത്. പിന്നെ ഇതെന്തുകൊണ്ടാണ് അതെന്തുകൊണ്ടാണ് തുടങ്ങിയ ചോദ്യങ്ങളും തെറ്റുധാരണയും ഉണ്ടാകാൻ പാടില്ല. ഓർക്കുക! ഊഹങ്ങൾ നല്ലതല്ല. ഇന്നള്ളന്ന ലാ യുഗ്നീ മിനൽഹഖ്ഖി ശയ്ആ സത്യത്തിന്നെതിരിൽ ഊഹം ഒരു പ്രയോജനവും ചെയ്യുകയില്ല(10:37). ദൃഢജ്ഞാനം കൊണ്ടുമാത്രമേ മനുഷ്യന് വിജയിക്കാൻ കഴിയുകയുള്ളു. ദൃഢജ്ഞാനമില്ലാതെ ഒന്നും കഴിയുകയില്ല. മനുഷ്യൻ എല്ലാ കാര്യത്തിലും ദുർധാരണ വെച്ചു പുലർത്തുകയാണെങ്കിൽ അവനൊരിക്കലും ഒരു നിമിഷംപോലും ലോകത്ത് ജീവിക്കാൻ സാധിക്കുകയില്ല. അവന് വെള്ളം കുടിക്കാൻ കഴിയുകയില്ല. അതിൽ വിഷം കലർത്തിയിട്ടുണ്ടെങ്കിലോ? മാർക്കറ്റിലുള്ള സാധനങ്ങൾ ഭക്ഷിക്കാൻ കഴിയുകയില്ല. അതിൽ ശരീരത്തിന് ഹാനികരമായ എന്തെങ്കിലും കാര്യമുണ്ടെങ്കിലോ? പിന്നീട് അവനെങ്ങനെ ജീവിക്കാൻ കഴിയും? ജീവിക്കാൻ പ്രയാസമാകും. ഇതൊരു സാധാരണ ഉദാഹരണമാണ്. ഇങ്ങനെയായൽ അവന് ആത്മീയകാര്യങ്ങളിൽ എങ്ങനെ പ്രയോജനമെടുക്കാൻ കഴിയും. അദ്ദേഹം പറയുന്നു: 'ഇനി നിങ്ങൾതന്നെ ചിന്തിക്കുക. ഉള്ളിൽ തീരുമാനമെടുക്കുക. നിങ്ങൾ എന്റെ കൈയിൽ ബയ്അത്ത് ചെയ്യുകയും അങ്ങനെ മസീഹ് മൗഊദും നീതിമാനായ വിധികർത്താവുമായി അംഗീകരിച്ചിരിക്കുകയും ചെയ്തിരിക്കെ ഇനി എന്റെ ഏതെങ്കിലും തീർപിൽ, കർമത്തിൽ മനസ്സിനുള്ളിൽ വക്രതയും വിഷമവും തോന്നുന്നുവെങ്കിൽ സ്വന്തം ഈമാനിനെ കുറിച്ച് ചിന്തിക്കുക.

ആശങ്കകളും അസ്വസ്ഥതകളുമുള്ള വിശ്വാസം ഒരു സൽഫലവുമുണ്ടാക്കുന്നതല്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) **ഹക്കം** ആണെന്ന് നിങ്ങൾ സത്യഹൃദയത്തോടെ അംഗീകരിച്ചതാണെങ്കിൽ ആ ഹക്കം അഥവാ നീതിമാനായ വിധികർത്താവിനു മുമ്പിൽ നിങ്ങളുടെ ആയുധം താഴെയിടുക. നിങ്ങൾ നബി(സ) തിരുമേനിയുടെ കാര്യങ്ങൾക്ക് ആദരവും മഹത്ത്വവും നല്കുന്നവരായിത്തീരുന്നതിന് അദ്ദേഹത്തിന്റെ തീർപുകളെ ആദരവോടു കൂടി നോക്കുക.

നബി(സ)തിരുമേനിയുടെ സാക്ഷ്യം മതിയായതാണ്. നബി(സ)തിരുമേനി ആശ്വാസം നല്കിക്കൊണ്ടു പറയുന്നു: 'അദ്ദേഹം (വാഗ്ദത്ത മഹ്ദി മസീഹ്)നിങ്ങളുടെ ഇമാമായിരിക്കും. അതായത് വരാനുള്ള മസീഹ് നിങ്ങളിൽനിന്നുള്ള ഇമാമായിരിക്കും. അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കും. ഇനിയും ഇക്കാര്യത്തിൽ തൃപ്തിയില്ലെങ്കിൽ പിന്നീടെപ്പോഴാണ് അതുണ്ടാകുക? അതുകൊണ്ട് വിശ്വാസവും ജീവിതത്തിന്റെ ഏതെങ്കിലും ചില മൂലകളിൽ ദുർധാരണയും കൊണ്ടു നടക്കുന്നത് നല്ലതല്ല, അനുഗൃഹീതവുമല്ല.' വിശ്വസിച്ചിരിക്കുന്നുവെന്ന് ബാഹ്യമായി പറയുകയും പക്ഷേ, ചില കാര്യങ്ങളിൽ ദുർധാരണ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് നല്ലതല്ല. അദ്ദേഹം പറഞ്ഞു: 'ആരാണോ എന്നെ നിഷേധിക്കുകയും എന്നിൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നത് അവരെന്നെ തിരിച്ചറിഞ്ഞിട്ടില്ല. എന്നെ വിശ്വസിക്കുകയും എന്നിട്ടാക്ഷേപിക്കുകയും ചെയ്യുന്നവർ അതിനെക്കാൾ ദൗർഭാഗ്യരാകുന്നു. കാരണം അവർ കണ്ടശേഷം അന്ധന്മാരായി.' *(മൽഫൂദാത്ത് വാല്യം 1, പേജ് 73-74, 1984 പതിപ്പ്)* ഈമാനിന്റെ ഈ അവസ്ഥ എല്ലാവർക്കുമുണ്ടായിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ് തനിക്കുശേഷം ഖിലാഫത്ത് ഉണ്ടാകുമെന്ന് അറിയിപ്പ് നല്കിയത്. *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 306)* ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമല്ല, നബി(സ)തിരുമേനിയും മഹ്ദീമസീഹിന്റെ ആഗമനത്തോടൊപ്പം ഖിയാമത്തുവരെ ഖിലാഫത്ത് നിലനില്ക്കുമെന്ന് സുവാർത്ത നല്കിയിരുന്നതാണ്. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 6, പേജ് 285, മുസ്നദ് അന്നുഅ്മാൻ ബിൻ ബശീർ, ഹദീഥ് 18596, ആലമുൽകുതുബ് ബെയ്റൂത്ത് 1998)* അഹ്മദിയ്യാ ഖിലാഫത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗത്തിൽത്തന്നെ തുടർന്നുപോകുന്ന നിളാം അഥവാ വ്യവസ്ഥിതിയാകുന്നു. ആ നീതിമാനായ വിധികർത്താവിന്റെ തീർപുകളെ തുടർന്നുകൊണ്ടുപോകുന്ന വ്യവസ്ഥിതിയാകുന്നു. തന്റെ പ്രതിജ്ഞയിൽ ഓരോ അഹ്മദിയും ഖിലാഫത്തിനോടുള്ള പ്രതിബദ്ധതയുടേയും അനുസരണത്തിന്റേയും പ്രതിജ്ഞ എടുക്കുന്നു. അതുകൊണ്ട് ഈ നിലയ്ക്കും ഖിലാഫത്തിനോടുള്ള പ്രതിബദ്ധതയുടേയും അനുസരണത്തിന്റേയും പ്രതിജ്ഞ നിറവേറ്റേണ്ടത് ഓരോ അഹ്മദിയുടെ കർത്തവ്യമാകുന്നു. അതില്ലെങ്കിൽ ബയ്അത്ത് അപൂർണമായിരിക്കും. അതുകൊണ്ട് ഈ നിലയ്ക്കും തങ്ങളുടെ ഈമാനും ദൃഢജ്ഞാനവും വർധിപ്പിക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്.

വിശുദ്ധ ഖുർആൻ ചിന്തിച്ച് പാരായണം ചെയ്യാനും മനസ്സിലാക്കാനും ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാനുമായി ബന്ധപ്പെട്ടിരിക്കുന്ന ആളുകളെ ഈയൊരു കാര്യത്തിലേക്ക് കൂടെക്കൂടെ ഞാൻ ഉപദേശിക്കുന്നതെന്തെന്നാൽ, അല്ലാഹു ഈ പ്രസ്ഥാനം കശ്ഫെ ഹഖാഇഖിനു(യാഥാർഥ്യങ്ങൾ വെളിപ്പെടുത്തുന്നതിനു) വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. കാരണം ഇതുകൂടാതെ കർമജീവിതത്തിൽ ഒരുവെളിച്ചവും പ്രകാശവും ഉണ്ടാകുന്നതല്ല.' പറഞ്ഞു: കർമപരമായ സത്യസാക്ഷ്യം മുഖേന ഇസ്‌ലാമിന്റെ മേന്മ ലോകത്ത് സ്ഥാപിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അല്ലാഹു അതിനുവേണ്ടിയാണ് എന്നെ നിയോഗിച്ചിട്ടുളളത്. അതിനാൽ പരിശുദ്ധ ഖുർആൻ നിരന്തരം പാരായണം ചെയ്യുവിൻ. എന്നാൽ, കഥകളാണെന്ന് കരുതിക്കൊണ്ടല്ല. മറിച്ച് അതൊരു തത്ത്വജ്ഞാനമാണെന്ന് മനസ്സിലാക്കി പാരായണം ചെയ്യുക.'*(മൽഫൂദാത്ത് വാല്യം 3, പേജ് 155, 1984 പതിപ്പ്)*

അതുകൊണ്ട് ഓരോരുത്തരും ആത്മ പരിശോധനനടത്തേണ്ടതാണ്. നമ്മൾ ഈ ലോകത്തിന്റെ തിക്കിലും തിരക്കിലും പെട്ട് നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യത്തെ മറന്നുപോയിട്ടുണ്ടോ!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിന്റെ അറിവുകളും ദിവ്യജ്ഞാനങ്ങളും കൽപനകളും മനസ്സിലാക്കിക്കൊടുക്കാനും അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കാനുമാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. എന്റെ ബയ്അത്ത് പരമ്പരയിൽപ്പെട്ടവർ ഈ പ്രാധാന്യം മനസ്സിലാക്കുകയും വിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങളേയും ആധ്യാത്മികവിഷയങ്ങളേയുംപറ്റി ചിന്തിക്കുകയും അതിന്റെ അർഥവും വ്യാഖ്യാനവും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ റൂഹാനീഖജനാവിനേയും നമ്മൾ മനസ്സിലാക്കാനും വായിക്കാനും ശ്രമിക്കാത്തിടത്തോളം, അവിടന്ന് നല്കിയിട്ടുള്ള സാഹിത്യങ്ങളും മനസ്സിലാക്കുകയും വായിക്കുകയും ചെയ്യാത്തിടത്തോളം അത് സാധ്യമാകുന്നതല്ല. അവിടന്ന് പറഞ്ഞു: വിശുദ്ധ ഖുർആൻ ഏതെങ്കിലും വാർത്തകളും കഥകളുമല്ല. പ്രത്യുത അത് ജീവിതപദ്ധതിയാണ്.

അതനുസരിച്ച് പ്രവർത്തിക്കേണ്ടത് ഓരോ അഹ്മദി മുസ്‌ലിമിനും നിർബന്ധമാകുന്നു.

നമ്മൾ ഇവിടെവന്ന്, ഈ രാജ്യങ്ങളിൽ വന്നതിനുശേഷം ഈ ഉദ്ദേശ്യം വിസ്മരിക്കുകയും ഭൗതിക ജീവിതത്തിന്റെ തിരക്കുകളിൽ ആണ്ടുപോകുകയും നമ്മുടെ വീടുകളുടെ അന്തരീക്ഷം വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ചാകാൻ ശ്രമിക്കാതിരിക്കുകയുമാണെങ്കിൽ നമ്മുടെ മക്കളും തലമുറയും ദീനിൽനിന്ന് അകന്നുപോകുന്നതാണ്. ഇന്ന് അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുന്നതിനു പകരം അവന്റെ അനുഗ്രഹങ്ങളെ നിരാകരിക്കുന്നതിന് തുല്യമായിരിക്കുമത്. അതിനാൽ നല്ലപോലെ ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. പഴയ അഹ്മദികളാണെങ്കിലും പുതിയ അഹ്മദികളാണെങ്കിലും ഇവിടെ ജനിച്ച അഹ്മദികളാണെങ്കിലും ഹിജ്റത്ത് ചെയ്ത് വന്നവരാണെങ്കിലും അല്ലാഹുവിന്റെ സാമീപ്യംപ്രാപിക്കുന്നതും അവന്റെ ആരാധനയോടുള്ള കടമ നിറവേറ്റുന്നതും അവന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നതും മനസ്സിലാക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും നമ്മുടെ അടിസ്ഥാനപരമായ ലക്ഷ്യമായിരിക്കേണ്ടതാണ്. അപ്പോൾ മാത്രമേ നമുക്ക് ബയ്അത്തിന്റെ കടമകൾ നിർവഹിക്കാൻ കഴിയുകയുള്ളു.

ഹിജ്റത്ത് ചെയ്ത് വന്നിട്ടുള്ളവർ അവർ ലോകത്തിന്റെ എതിർപ്പുകളിൽനിന്ന് ഇവിടെ വന്ന് രക്ഷപ്പെട്ടു. എന്നാൽ, ദീനനുസരിച്ച് ചരിക്കുന്നവരും വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നവരുമല്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്താരാവകാശികളാകുകയില്ല. അതുപോലെ നവഅഹ്മദികളായവർ, ഇവിടെ വസിക്കുന്ന പഴയ അഹ്മദികൾ തുടങ്ങി എല്ലാവരും ഓർക്കുക, കേവല ബയ്അത്തുകൊണ്ട് ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുകയില്ല. ലക്ഷ്യം പൂർത്തിയാകണമെങ്കിൽ നമ്മൾ ഇസ്‌ലാമികാധ്യാപനങ്ങൾ വഹിക്കുന്നവരാകണം. ഇത് അല്ലാഹുവിന്റെ ഗ്രന്ഥം വായിക്കുകയും മനസ്സിലാക്കുകയും ചെയ്യാത്തിടത്തോളും സാധ്യമാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യമായും പറയുന്നു, ഇത് അല്ലാഹു സൗഭാഗ്യവാന്മാർക്ക് ഒരുക്കിയിട്ടുള്ള സന്ദർഭമാകുന്നു. ഇതിൽനിന്ന് പ്രയോജനമെടുക്കുന്നവർ അനുഗൃഹീതർ! ഞാനുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള നിങ്ങൾ എല്ലാം കരസ്ഥമാ

ക്കിയെന്ന് അഹങ്കരിക്കേണ്ട. സത്യനിഷേധികളായവരേയും ശക്തമായഎതിർപ്പും അവഹേളനവുംകൊണ്ട് അല്ലാഹുവിനെ വെറുപ്പിച്ചവരേയും അപേക്ഷിച്ച് നിങ്ങൾ സൗഭാഗ്യത്തിന്റെ ഏറ്റവും അടുത്താണുള്ളതെന്നത് സത്യമാണ്. നിങ്ങൾ സദ്വിചാരത്തോടെ പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ അതൃപ്തിയിൽനിന്ന് സ്വയം രക്ഷപ്പെടുത്തിയെന്നത് ശരിതന്നെ. എന്നാൽ, യാഥാർഥ്യമെന്തെന്നാൽ നിങ്ങൾ നീരുറവയുടെ സമീപത്തെത്തിയിരിക്കുന്നു. അത് അല്ലാഹു ശാശ്വത ജീവിതത്തിനുവേണ്ടി ഇക്കാലത്ത് തയ്യാറാക്കിയതാണ്. അതേ! ഇനി ജലപാനം ബാക്കിയുണ്ട്.

അതിനാൽ അല്ലാഹു നിങ്ങൾക്ക് ദാഹശമനം വരുത്താൻ അവനോടു അവന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ട് തൗഫീഖ് തേടുക. കാരണം അല്ലാഹുവിനെക്കൂടാതെ ഒന്നും സാധ്യമല്ലതന്നെ! അതുകൊണ്ട് എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ടിരിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: 'ആരാണോ ഈ അരുവിയിൽനിന്ന് കുടിക്കുന്നത് അവർ ഒരിക്കലും നശിക്കുകയില്ലെന്ന് എനിക്ക് തീർച്ചയായും അറിയാം. കാരണം ഈ ജലം ജീവിതം പ്രദാനം ചെയ്യുന്നു. നാശത്തിൽനിന്ന് രക്ഷിക്കുന്നു. ശയ്ത്വാനിന്റെ ആക്രമണത്തിൽനിന്ന് സുരക്ഷിതമാക്കുന്നു. ഈ അരുവിയിൽനിന്ന് ദാഹശമനം വരുത്തുന്നതിനുള്ള മാർഗമെന്താണ്? ഇതുതന്നെ! അല്ലാഹു നിങ്ങളിൽ സ്ഥാപിച്ചിട്ടുള്ള രണ്ടു കടമകൾ സജീവമാക്കുക. അത് പൂർണമായും നിറവേറ്റുക. അതിലൊന്ന് അല്ലാഹുവിനോടുള്ള കടമയാകുന്നു. മറ്റൊന്ന് സമസൃഷ്ടികളോടുള്ള കടമയാകുന്നു. നിങ്ങളുടെ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുക; അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യം മുഖേന നിങ്ങൾ ഏറ്റു പറയുന്നതുപോലെ. അതായത് അല്ലാഹുവല്ലാതെ മറ്റൊരു സ്നേഹിതനും ലക്ഷ്യവും അനുസരിക്കപ്പെടുന്നവനും മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.ഇത് എത്ര മാത്രം മനോഹരമായ വാക്യമാണെന്നാൽ ഇത് യഹൂദികൾക്കോ ക്രിസ്ത്യാനികൾക്കോ മറ്റു അന്യാരാധകർക്കോ പഠിപ്പിക്കപ്പെട്ടിരുന്നെങ്കിൽ, അവർ അത് മനസ്സിലാക്കിയിരുന്നെങ്കിൽ, അവരൊരിക്കലും നശിക്കുമായിരുന്നില്ല. ഈയൊരു കലിമ ഇല്ലാത്ത കാരണത്താൽ അവർക്ക് നാശവും ആപത്തും സംഭവിച്ചു. അവരുടെ ആത്മാവ് കുഷ്ഠം ബാധിച്ച് നശിച്ചുപോയി.'*(മൽഫൂദാത്ത് വാല്യം 3, പേജ് 184 –185, 1984 പതിപ്പ്)*

അതുകൊണ്ട് നോക്കുക! എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്[അ] സമാധാനിപ്പിച്ചിരിക്കുന്നതെന്നും ജാമ്യം നല്കിയിട്ടുള്ളതെന്നും! അതായത് നിങ്ങൾ ആ അരുവിയുടെ സമീപത്തെത്തിയിരിക്കുന്നു. ബയ്അത്ത് ചെയ്ത് ഏതൊരു കാര്യമാണോ ഏറ്റു പറഞ്ഞിട്ടുള്ളത് അതിൽനിന്ന് വെള്ളം കുടിക്കുകയാണെങ്കിൽ അനുഗ്രഹം പ്രാപിക്കുന്നതായിരിക്കും. വെറും പറച്ചിലിൽമാത്രം ഇരിക്കുരുത്. പ്രത്യുത കർമവും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് ഈ ജാമ്യം നല്കപ്പെടുന്നു;ഒരിക്കലും നിങ്ങളുടെ ആത്മീയമായ നാശമുണ്ടാകുകയില്ല. കാരണം ഹദ്റത്ത് മസീഹ് മൗഊദ്[അ] തന്നെയാണ് വിശുദ്ധ ഖുർആനിന്റെ സന്ദേശവും അല്ലാഹുവിന്റെ കല്പനകളും നടപ്പിൽ വരുത്തുന്നതിനുവേണ്ടി വന്നിട്ടുള്ളത്. പറഞ്ഞു: അതുകൊണ്ട് ഇക്കാര്യം മനസ്സിലാക്കുക. അതായത് ബയ്അത്ത് മാത്രം പോര, പ്രത്യുത അല്ലാഹു കർമം ആഗ്രഹിക്കുന്നു. കർമങ്ങൾ ചെയ്യുന്നവന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കിട്ടാതിരിക്കുകയില്ല. ഒരിക്കലും നശിക്കുകയുമില്ല. ഈ കർമപരമായ അവസ്ഥ ഉണ്ടാകുന്നത് അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലായുടെ കലിമ നിങ്ങളുടെ അകത്തിന്റേയും പുറത്തിന്റേയും ശബ്ദമായി തീരുമ്പോഴാണ്. അല്ലാഹുവിനെക്കാൾ കൂടുതൽ സ്നേഹിതനായി നിങ്ങൾക്കാരുമുണ്ടാകരുത്. അല്ലാഹുവിന്റെ തൃപ്തിയല്ലാതെ മറ്റൊരു വസ്തുവും ആവശ്യമായി നിങ്ങൾക്കുണ്ടാകരുത്. അല്ലാഹുവിന്റെ കല്പനകളെ പൂർണമായും അനുസരിക്കുക. ഓരോരുത്തർക്കും ഇപ്പോൾ ഇത് ആത്മപരിശോധനനടത്തി നോക്കാവുന്നതാണ്. നമ്മൾ കലിമ ചൊല്ലുമ്പോൾ അല്ലാഹു എല്ലാത്തിനെക്കാളും നമുക്ക് ഏറെ പ്രിയങ്കരനാണോ? അവന്റെ തൃപ്തി കരസ്ഥമാക്കുന്നത് നമ്മുടെ ലക്ഷ്യമാണോ? യഥാർഥത്തിൽ നമ്മൾ അല്ലാഹുവിന്റെ കല്പനകളെ പൂർണമായും അനുസരിക്കുന്നുണ്ടോ?

നമസ്കാരങ്ങളുടെ നേരത്ത് നമസ്കരിക്കുന്നതിലേക്ക് ക്ഷണത്തിൽ ശ്രദ്ധ ഉണ്ടാകാതിരിക്കുകയും നമ്മൾ ഭൗതികമായ ജോലി ഉപേക്ഷിച്ച് അല്ലാഹുവിന്റെ വിളിക്ക് ക്ഷണത്തിൽ ഉത്തരം നല്കി നമസ്കാരത്തിന് ഹാജരാകാതിരിക്കുകയും, വായകൊണ്ട് കലിമ ചൊല്ലുകയും ചെയ്യുന്നുണ്ടെങ്കിൽ ഒരു ഗുപ്തമായ ശിർക്ക് നമ്മുടെ മനസ്സിലുണ്ട്. നമ്മുടെ ഭൗതികമായ വ്യവഹാരങ്ങൾ അല്ലാഹുവിന്നെതിരിൽ നില്ക്കുന്നു. തന്റെ വ്യവഹാരങ്ങളിൽ ബർക്കത്ത്, തന്റെ ജോലിയിൽ ബർക്കത്ത് അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടാണ് പതിയുന്നതെന്ന വിശ്വാസത്തിലായിരിക്കും സത്യവിശ്വാസി ഉണ്ടാകുക. അങ്ങനെയാണ് വേണ്ടതും. പിന്നീടെങ്ങനെയാണ് തന്റെ ജോലി അല്ലാഹുവിന്റെ വിളിക്കെതിരിൽ വന്ന് നില്ക്കുന്നത്. അങ്ങനെയാണെങ്കിൽ നമ്മൾ കലിമയുടെ ആത്മാവിനെ മനസ്സിലാക്കിയിട്ടേയില്ല. നമ്മൾ വായകൊണ്ടു ഏറ്റുപറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, നമ്മുടെ കർമം നമ്മുടെ ഏറ്റുപറച്ചിലിനോടൊപ്പമി ല്ല. നമ്മൾ വെള്ളത്തിന്റെ അരുവിയുടെ അടുത്ത് വന്നെത്തിയിട്ടുണ്ട്. പക്ഷേ, വെള്ളം വാങ്ങി കുടിക്കുന്നതിന് കൈ നീട്ടുന്നില്ല. അവിടന്ന് പറഞ്ഞു: ഇതാണ് അവസ്ഥയെങ്കിൽ ബയ്അത്തിനോടുള്ള കടമ നിറവേറ്റപ്പെട്ടില്ല.

അല്ലാഹുവിനോടുള്ള കടമ നിറവേറ്റാൻ മാത്രം കലിമശഹാദത്ത് ഉപദേശിക്കുന്നില്ല. അതിലേക്കുമാത്രം ശ്രദ്ധതിരിക്കുന്നുമില്ല. പ്രത്യുത അല്ലാഹു മനുഷ്യരോടുള്ള കടമകൾ നിറവേറ്റാൻ ഉപദേശിക്കുകയും കല്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രദ്ധക്ഷണിക്കുകയുംചെയ്തു. മനുഷ്യൻ ഈ രണ്ട് കടമകൾ നിറവേറ്റുമ്പോഴാണ് യഥാർഥ മുഅ്മിനായി തീരുന്നത്. അപ്പോഴാണ് ഒരു യഥാർഥ അഹ്മദി മുസ്ലിം ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നത്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്[അ]തന്റെ ബയ്അത്തിൽ വരുന്നവരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ലൗകികരെ പോലെ ഇരിക്കുകയാണെങ്കിൽ, നിങ്ങൾ എന്റെ കൈയിൽ തൗബ ചെയ്തു എന്നതുകൊണ്ട് ഒരു ഫലവുമില്ല. എന്റെ കൈയിൽ ബയ്അത്തു ചെയ്യുക എന്നത് ഒരു മരണത്തെ ആഗ്രഹിക്കുന്നുണ്ട്; പുതിയൊരു ജീവിതത്തിൽ മറ്റൊരു ജന്മം കരസ്ഥമാക്കുന്നതിന്. അതായത് ബയ്അത്ത് ചെയ്തതിനുശേഷം നിങ്ങൾക്കൊരു പുതിയ ആത്മീയ ജീവിതം കിട്ടേണ്ടതാണ്. ആ ആത്മീയജീവിതം കിട്ടുന്നില്ലെങ്കിൽ, അതേ ഭൗതികജീവിതത്തിന്റെ ആഗ്രഹങ്ങളും മുൻഗണനകളുമാണെങ്കിൽ അത്തരം ബയ്അത്ത് ഒട്ടും ഫലം നല്കുകയില്ല. പറഞ്ഞു: ബയ്അത്ത് ഹൃദയംകൊണ്ടല്ലെങ്കിൽ അതിന് ഒരു ഫലവുമില്ല.

എനിക്ക് ചെയ്യുന്ന ബയ്അത്ത് കൊണ്ട് അല്ലാഹു ഹൃദയംകൊണ്ടുള്ള സമ്മതമാണ് ആഗ്രഹിക്കുന്നത്. അതിനാൽ ആരാണോ സത്യഹൃദയത്തോടെ എന്നെ സ്വീകരിക്കുകയും തന്റെ പാപങ്ങളിൽനിന്ന് സത്യസന്ധമായി പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നത് ഗഫൂറും റഹീമുമായ അല്ലാഹു അവന്റെ പാപങ്ങളെ തീർച്ചയായും പൊറുത്തുകൊടുക്കുന്നു. മാതാവിന്റെ വയറ്റിൽനിന്ന് പുറത്തുവന്നതുപോലെ അവനായിത്തീരുന്നു. അപ്പോൾ മലക്കുകൾ അവനെ സംരക്ഷിക്കുന്നു.'

തികച്ചും പാപമുക്തനായിത്തീരുന്നു. പറഞ്ഞു: 'ഒരു ഗ്രാമത്തിൽ ഒരു നല്ല മനുഷ്യനുണ്ടെങ്കിൽ അല്ലാഹു ആ നല്ല മനുഷ്യനുവേണ്ടി ആ ഗ്രാമത്തെ നാശത്തിൽനിന്ന് സംരക്ഷിക്കു

ശേഷം പേജ് 11 ൽ

*****************

പേജ് 5 ൽ നിന്ന്

യാചിക്കാൻ പോകരുത്. മറിച്ച് അല്ലാഹുവുമായി ഒരു വ്യക്തിഗത സ്നേഹമുണ്ടാക്കണം. അപ്പോൾ അല്ലാഹു ആ മനുഷ്യനെ സ്നേഹിക്കുന്നു.

അതലേറ്റവും അനിവാര്യമായിട്ടുള്ളത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ആജ്ഞകൾ പൂർണമായും അനുസരിക്കുക എന്നതാകുന്നു. അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കേണ്ടതും അനിവാര്യമാണ്. ആ സ്നേഹത്തിന്റെ ആവേശത്തോടുകൂടി അനുസരിക്കണം. അപ്പോൾ അല്ലാഹുവിന്റെ സ്നേഹം പ്രകടമാകുന്നതാണ്. അങ്ങനെ ഈ രണ്ടു സ്നേഹങ്ങളും കൂടിച്ചേരുമ്പോൾ മസീഹ് മൗഊദ് [അ] പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതായിരിക്കും. അത് മനുഷ്യന്റെ ചിന്തക്കതീതമായിരിക്കും.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'മനുഷ്യൻ പ്രകൃത്യാതന്നെ അല്ലാഹുവിനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പറയുന്നു. ***വമാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ*** അതുകൊണ്ട് അല്ലാഹു അവന്റെ പ്രകൃതത്തിൽ ത്തന്നെ തനിക്കുവേണ്ടി എന്തൊക്കെയോ വെച്ചിട്ടുണ്ട്. അതിസൂക്ഷ്മമായ സംഗതികളാൽ അവനെ തനിക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നതെന്തെന്നാൽ അല്ലാഹു നിങ്ങളെ സൃഷ്ടിച്ചതിന്റെ യഥാർഥ ഉദ്ദേശ്യം നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. എന്നാൽ, തങ്ങളുടെ ഈ അടിസ്ഥാനപരവും പ്രകൃതി

പരവുമായ ഉദ്ദേശ്യത്തെ ഒഴിവാക്കി മൃഗങ്ങളെപ്പോലെ ജീവിതലക്ഷ്യം തിന്നുകയും കുടിക്കുകയും ഉറങ്ങുകയുമാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് ദൂരത്താകുന്നതാണ്. അല്ലാഹുവിന് ഒരു ഉത്തരവാദിത്വവും അവരെ സംബന്ധിച്ച് ഉണ്ടാകുന്നതല്ല. ഉത്തരവാദിത്വമുള്ള ജീവിതം ***വമാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ*** എന്നതിൽ വിശ്വസിച്ചുകൊണ്ട് ജീവിതത്തെ മാറ്റുക എന്നതാകുന്നു. അതായത് പൂർണമായും അത് പ്രാവർത്തികമാക്കിക്കൊണ്ട് ഇബാദത്തുകളെ തങ്ങളുടെ ലക്ഷ്യമാക്കി മാറ്റണം.'

അദ്ദേഹം പറയുന്നു: 'മരണത്തിന്റെ കാര്യത്തിൽ ഒരുറപ്പുമില്ല..... നിങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം നിങ്ങൾ അവനെ ആരാധിക്കുകയും അവന്റേതായി തീരുകയുമാണെന്ന് മനസ്സിലാക്കുക. ലൗകിക ലോകം നിങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യമാകരുത്.'

അദ്ദേഹം പറഞ്ഞു: 'ഞാൻ നിങ്ങളുൾക്ക് കൂടെക്കൂടെ വിവരിച്ചു തരുന്നതെന്തെന്നാൽ എന്റെ വീക്ഷണത്തിൽ മനുഷ്യൻ വന്നിരിക്കുന്നതുതന്നെ ഈ ഒരു ലക്ഷ്യത്തിനു വേണ്ടിയാണ്. അതിൽനിന്ന് തന്നെയാണ് അവൻ ദൂരത്ത് അകന്നുപോകുന്നതും.' പറയുന്നു: 'നിങ്ങൾ ഭൗതികമായ കച്ചവടങ്ങൾ ഉപേക്ഷിക്കണമെന്നും ഭാര്യാമക്കളെ ഉപേക്ഷിച്ച് വനങ്ങളിലും പർവ്വതങ്ങളിലും പോയിരിക്കണമെന്നും ഞാനാഗ്രഹിക്കുന്നില്ല. ഇസ്ലാം അത് അനുവദനീയമായി ഗണിക്കുന്നുമില്ല. ഭൗതികമായ വ്യാപാരങ്ങളും ചെയ്യുക. ഭാര്യാമക്കളോടുള്ള കടമകളും നിറവേറ്റുക. അതുതന്നെയാണ് ഇസ്ലാമിന്റെ അധ്യാപനം. പൗരോഹിത്യം ഇസ്ലാമിന്റെ ലക്ഷ്യമല്ല. ഇസ്ലാം മനുഷ്യനെ ഊർജ്ജസ്വലതയും ജാഗ്രതയുമു ള്ളവരാക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, നിങ്ങൾ കച്ചവടങ്ങളിൽ നല്ലപോലെ പരിശ്രമിക്കുക. ഹദീഥുകളിൽ പറയുന്നു: ആരുടെ കൈയിലാണോ ഭൂമിയുള്ളത് അവൻ അതിനെ ശ്രദ്ധിക്കുന്നില്ലെങ്കിൽ അതെ കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. ആരെങ്കിലും ഇതുകൊണ്ട് ഭൗതിക കച്ചവടങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്നാണ് പറയുന്നതെങ്കിൽ അവൻ തെറ്റാണ് ചെയ്യുന്നത്. യാഥാർഥ്യമെന്തെന്നാൽ നിങ്ങൾ ചെയ്യുന്ന എല്ലാ വ്യാപാരങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയാണ് നോക്കേണ്ടതാണ്. അവന്റെ ഇംഗിതത്തിൽനിന്ന് പുറത്തുപോയി തങ്ങളുടെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും മുന്തിക്കാൻ പാടില്ല.'*(മൽഫൂദാത്ത് വാല്യം 1, പേജ് 181 –184, 1984 പതിപ്പ്)*

ഇതു വളരെ ചിന്തനീയവും ശ്രദ്ധേയവുമായ ഘട്ടമാണ്. ആ മഹാത്മാവ് വളരെ വേദനയോടുകൂടി പറയുന്നു: 'ഞാൻ കൂടെക്കൂടെ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത് നിങ്ങളുടെ ജീവിതലക്ഷ്യം എന്താണെന്നുള്ള കാര്യം നിങ്ങൾ വിസ്മരിച്ചു പോകരുതെന്നാണ്.' നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്ത്തിലുള്ളവരാണെന്ന് വാദിച്ചുകൊണ്ട് നമ്മുടെ ജീവിതലക്ഷ്യം മറക്കുകയാണെങ്കിൽ നമ്മുടെ ബയ്അത്ത് പ്രയോജനരഹിതമായിരിക്കും. നമ്മുടെ വാക്കുകൾ പൊള്ളയാകുന്നതായിരിക്കും. അതിനാൽ ഓരോ അഹ്മദിയും നല്ലതുപോലെ ചിന്തിക്കണം. നല്ലതുപോലെ ആത്മപരിശോധന നടത്തിനോക്കുകയും വേണം. എത്ര സമയം നമ്മൾ അല്ലാഹുവിന്റെ ഇബാദത്തിനുവേണ്ടി നൽകുന്നുണ്ട്. ഏതാനും മിനിറ്റ് നമസ്കരിക്കുകയും അതുതന്നെ കുറച്ച് മനസ്സിലാക്കുകയും കുറച്ച് മനസ്സിലാക്കാതെയുമാണെങ്കിൽ നമുക്ക് ജീവിതലക്ഷ്യം പ്രാപിക്കാൻ കഴിയുമോ?

അല്ലാഹു ഭൗതിക കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് നമ്മെ വിലക്കുന്നില്ല. മറിച്ച് ഒരു യഥാർഥ വിശ്വാസി തന്റെ കർമങ്ങളിൽ, കച്ചവടങ്ങളിൽ, കൃഷിയിൽ എല്ലാം ഉന്നത നിലവാരം പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പക്ഷേ, അതോടൊപ്പംതന്നെ പറയുന്നു: 'നീ ഭൗതിക കാര്യങ്ങളോടൊപ്പം നിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം മറന്നു പോകരുത്. നിങ്ങളുടെ നമസ്കാരങ്ങൾ സംരക്ഷിക്കേണ്ടതാണ്. മസ്ജിദ് നിർമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഭൗതിക സൗന്ദര്യത്തിൽ അഭിമാനിക്കുകയല്ല വേണ്ടത്; അതിന്റെ യഥാർഥ സൗന്ദര്യം ശരിയായ ഇബാദത്ത് ചെയ്യുന്നതോടുകൂടിയാണ് ഉണ്ടാകുന്നത്. അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. തഖ്വയിൽ പദമൂന്നുകയും തഖ്വയുടെ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുക. അങ്ങനെയാണെങ്കിൽ നിങ്ങൾ യഥാർഥ ഇബാദത്ത് ചെയ്യുന്നവരായി പറയപ്പെടുന്നതാണ്. തുടർന്ന് അല്ലാഹു പറയുന്നു: യഥാർഥ രീതിയിൽ ഇബാദത്ത് ചെയ്യുന്നവരുടെ കടമയെന്തെന്നാൽ അവർ ആന്തരികവും ഭൗതികവുമായ വൃത്തിയുള്ളവരുമാകണം. അതുകൊണ്ട് നമസ്കരിക്കുന്നവരോട് പൊതുവിൽ നൽകിയ കൽപന വസ്ത്രം ശുദ്ധമായിരിക്കണമെന്നും വുളു എടുക്കണമെന്നുമാണ്. കാരണം ബാഹ്യമായ ശുദ്ധി മനുഷ്യന്റെ ഉള്ളിലും സ്വാധീനമുണ്ടാക്കുന്നു. വുളു കൊണ്ട് പൊതുവിൽ മനുഷ്യന് ഉന്മേഷം കിട്ടുകയും നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടാകുകയും ചെയ്യുന്നു.

പിന്നെ നമസ്കാരത്തിന്റെ കല്പനകളോടൊപ്പംതന്നെ നൽകിയ മറ്റൊരു കൽപന തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതുമാണ്. എന്നാൽ, അമിതത്വം അരുത് എന്നാണ്. ഇതിന്റെ പൊതുവായ അർഥം മധ്യമനിലയിലുള്ള ഭക്ഷണമെന്നാണ്. ഒരു വിശ്വാസി അന്നപാനീയങ്ങളുടെ കാര്യത്തിൽ അമിതത്വം കാണിക്കുന്നതല്ല. അമിതത്വം കാണിക്കാത്തതുകൊണ്ടുതന്നെ അയാളുടെ ആരോഗ്യം ശരിയായി നിലനിൽക്കുന്നു. ഇബാദത്തും ശരിയായ രീതിയിൽ സാധ്യമാകുന്നു. മറ്റൊരർഥം ഒരു യഥാർഥ വിശ്വാസിയുടെ ജീവിതലക്ഷ്യം തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ചെയുന്നത് മാത്രമല്ല. അല്ലാഹു അത് മൃഗങ്ങളുടെ പ്രത്യേകതയായിട്ടാണ് പ്രഖ്യാപിക്കുന്നത്. ഞാനിപ്പോൾ വായിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിലും അദ്ദേഹം പറയുന്നത് അത് മൃഗങ്ങളുടെ ജോലിയാകുന്നു എന്നാണ്. അതിനെ കൂടുതൽ വിശദീകരിക്കുകയാണെങ്കിൽ അതിന്റെ വിവക്ഷിതം ഇപ്രാകാരമാണ്. കേവലം ഭൗതിക കാര്യങ്ങളെയും ആഗ്രഹങ്ങളെയും അനുഗമിക്കരുത്. എന്നല്ല അങ്ങനെയാകരുത്. പ്രത്യുത തങ്ങളുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം തിരിച്ചറിയണം. ഒരു യഥാർഥ ആരാധകൻ തീർച്ചയായും ഭൗതിക ജോലികളും ചെയ്യുന്നു. പക്ഷേ, നമസ്കാരത്തിന്റെ സമയമായെന്നും താൻ നമസ്കരിക്കേണ്ടതാണെന്നുമുള്ള ബോധമില്ലാതെ അതിൽ അധികമായി മുഴുകുന്നില്ല. മറിച്ച് നമസ്കാര സമയങ്ങളിൽ തന്റെ ഭൗതിക കാര്യങ്ങളുടെ സമയം അവസാനിച്ചുവെന്നും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകണമെന്നും നമസ്കാരങ്ങൾ അല്ലാഹുവിനോടുള്ള കടമകൾ യഥാവിധി പൂർത്തിയാക്കി അനുഷ്ഠിക്കണമെന്നുമുള്ള ചിന്ത ഉടൻ തന്നെ വരേണ്ടതാണ്. അതല്ലാതെ വേഗം വേഗം നമസ്കരിക്കു കയല്ല വേണ്ടത്. മറിച്ച് വളരെ മനോഹരമായി അതനുഷ്ഠിക്കണം. തങ്ങളുടെ ഭൗതികമായ വൃത്തിയും സൗന്ദര്യത്തോടുമൊപ്പം ഹൃദയാത്മനാ ഉള്ള തഖ്വയുടെ സൗന്ദര്യംകൊണ്ട് അത് നിറക്കേണ്ടതാണ്.

വീണ്ടും അല്ലാഹു പറയുന്നു: 'നിങ്ങൾക്ക് തീർച്ചയായും തിന്നാനും കുടിക്കാനും അനുവാദമുണ്ട്. എല്ലാ പരിശുദ്ധമായ വസ്തുക്കളും നിങ്ങൾക്ക് വേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. അവ അനുവദനീയവുമാണ്. നിങ്ങൾക്ക് കച്ചവടത്തിനും ഭൗതിക കാര്യങ്ങൾക്കും അനുവാദമുണ്ട്. എന്നാൽ, ഈ കാര്യങ്ങൾ നിങ്ങളെ അല്ലാഹുവിന്റെ ഇബാദത്തുകളിൽനിന്ന് തടയുകയും മസ്ജിദിൽ പോകുന്നതിൽനിന്നും ഇബാദത്തുകളിൽനിന്നും വിസ്മരിപ്പിക്കുകയുമാണെങ്കിൽ അത് അമിതത്വമാകുന്നു. അല്ലാഹു അമിതത്വം ഇഷ്ടപ്പെടുന്നില്ല. ജനങ്ങൾ പറയുന്നു: ഈ അഞ്ചുനേര നമസ്കാരങ്ങൾ എന്തിനാണ് നിർബന്ധമാക്കിയിട്ടുള്ളത്? ഇക്കാലത്ത് ഇത് വളരെ പ്രയാസമുള്ള കാര്യമാകുന്നു. ജോലികൾക്കിടയിൽ അഞ്ചു നമസ്കാരങ്ങൾക്കുവേണ്ടി എങ്ങനെയാണ് ഒഴിവ് കണ്ടെത്തുക. അല്ലാഹു പറയുന്നു: ഇത് പ്രയാസമുള്ള കാര്യമല്ല. മറിച്ച് നിങ്ങൾ ഭൗതികതയിൽമാത്രം ആണ്ടുപോകുകയും അല്ലാഹുവിനെ മറക്കുകയും ചെയ്യുന്നത് അമിതത്വമാകുന്നു. പിന്നെ ഈ അമിതത്വം പതിയെപ്പതിയെ അല്ലാഹുവിൽനിന്ന് അകറ്റുന്നതാണ്. അല്ലാഹുവിന്റെ അനിഷ്ടം മനുഷ്യനിൽ പ്രകടമാകുമ്പോൾ അവനെ പിന്നെ എവിടേക്കും പറ്റുന്നതല്ല. അവൻ ഒരുപക്ഷേ, താൻ മുസ്ലിമാണെന്നും അഹ്മദിയാണെന്നും നബി(സ)തിരുമേനിയുടെ കല്പന അനുസരിച്ച് കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തുവെന്നും പറയുന്നുണ്ടായിരിക്കും. പക്ഷേ, അവന്റെ കർമങ്ങൾ അവനെ അല്ലാഹുവിന്റെ അപ്രീതിക്ക് കാരണമാക്കുന്നുണ്ടാകും. അല്ലാഹു മധ്യമനിലയിലുള്ള അധ്യാപനമാണ് നൽകിയത്. ഭൗതിക ലോകത്തെയും സമ്പാദിക്കുക. എന്നാൽ, ദീനിനെ എപ്പോഴും ഓർക്കേണ്ടതുമാണ്. അമിതത്വം കാണിക്കരുത്. യഥാർഥ വിശ്വാസി ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുന്നവനാകുന്നു. ഒരാൾ യഥാർഥത്തിൽ ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുകയാണെങ്കിൽ അല്ലാഹു അവന്റെ ഉപജീവനത്തിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറക്കുന്നതാണ്. അവന്റെ കർമങ്ങളിൽ അനുഗ്രഹം വർഷിക്കുന്നതാണ്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച്

നടക്കുകയും തന്റെ ജീവിതത്തെ ദൈവിക കല്പനകൾക്ക് വിധേയമാക്കുകയും തന്റെ ഇബാദത്തുകളുടെ നിലവാരം കാത്തു സൂക്ഷിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭൗതികമായ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതാണ്. പക്ഷേ, ഭൗതികമായ അത്യാഗ്രഹങ്ങൾ വർധിച്ചു കൊണ്ടിരിക്കുന്നു. അത് വർധിക്കുകയാണെങ്കിൽ അതൊരിക്കലും അണയാത്ത തീയാകുന്നു. മനുഷ്യൻ ദീനിൽ നില കൊള്ളുകയാണെങ്കിൽ ഭൗതികമായ ആഗ്രഹങ്ങളുടെ ജ്വലനം എപ്പോഴും ഉണ്ടാകുന്നതല്ല. കാരണം ഈ തീ ഒരിക്കലും അണയുന്നില്ല. മനുഷ്യൻ അതിൽ ഭസ്മീകരിക്കപ്പെട്ട് പോകുന്നു. ആഖിറത്തിലും അവനൊന്നും ലഭിക്കുന്നതല്ല. അതാകട്ടെ യഥാർഥ ജീവിതമാണ് താനും.

നബി(സ)തിരുമേനി പറയുന്നു: അല്ലാഹുവിന്റെ മസ്ജിദുകളെ സജീവമാക്കുന്നവർ അല്ലാഹുവിലും ആഖിറത്തിലും വിശ്വസിക്കുന്നവർ മാത്രമാണ്. അതിനാൽ മസ്ജിദുകൾ സജീവമാക്കുന്ന വിശ്വാസികളിൽ നമ്മൾ ഉൾപെടേണ്ടാതാണ്. മസ്ജിദുകളുടെ സജീവമാക്കുന്നവരുടെ അടയാളമെന്തെന്നാൽ അവർ ഒരു നമസ്കാരത്തിനുശേഷം അടുത്ത നമസ്കാരം എപ്പോഴാണെന്ന് പ്രതീക്ഷിച്ചിരിക്കുന്നു. *(സുനൻ അത്തുർമിദി, അബ്‌വാബുസ്സുഹ്ദ്, ഹദീഥ് 2391, അബ്‌വാബുൽ ഈമാൻ, ഹദീഥ് 2617)*

അതായത് നമസ്കരിക്കാൻ പോകാൻ എപ്പോഴാണ് നമസ്കാരം വരുന്നതെന്ന് കാത്തിരിക്കുന്നു. മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യം അതിനെ സജീവമാക്കുക എന്നതും കൂടിയാണ്. എങ്ങനെ സജീവമാക്കാം എന്നതുകൂടിയാണ്. ഇവിടെ മസ്ജിദ് നിർമിച്ചതിനുശേഷം ഇവിടെയുള്ള ആളുകളുടെ കടമ അതിനെ സജീവമാക്കുകയാണ്. അതു തന്നെയാണ് ദൈവാനുഗ്രഹങ്ങളെ ആകർഷിക്കുന്നതിനും തങ്ങളുടെ പരിഷ്കരണത്തിനും തങ്ങളുടെ തലമുറകളെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നതിനുമുള്ള മാർഗം. അല്ലെങ്കിൽ ഭൗതിക ലോകത്തിന്റെ വർണ്ണങ്ങൾ നമ്മുടെ തലമുറകളെ ദീനിൽനിന്ന് അകറ്റുന്നതാണ്. ചെറുപ്പം മുതൽ തന്നെ അവരെ മസ്ജിദുമായി അടുപ്പിക്കുകയും ദീനിന്റെ പ്രാധാന്യം പറഞ്ഞു കൊടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇത് മാതാപിതാക്കൾ രണ്ടു പേരുടെയും ഉത്തരവാദിത്വമാകുന്നു. അതോടൊപ്പംതന്നെ ഓർക്കുക, ഞാൻ നേരത്തെയും പറഞ്ഞതുപോലെ ഇതിന്റെ ഉദ്ഘാടനത്തോടുകൂടി ജമാഅത്ത് കൂടുതൽ ഇവിടെ പരിചിതമാകുന്നതാണ്. മസ്ജിദും ഇസ്‌ലാമും അറിയപ്പെടുമാറാകും. അത് തബ്‌ലീഗിന്റെ മാർഗങ്ങളും തുറക്കുന്നതായിരിക്കും. കൂടുതൽ ബന്ധങ്ങൾ ഉണ്ടാകുന്നതായിരിക്കും. അതുകൊണ്ട് അതിൽ നിന്നെല്ലാം പ്രയോജനമെടുത്തുകൊണ്ട് ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും സന്ദേശം പരത്തേണ്ടതും ഓരോ അഹ്മദിയുടെയും കടമയാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ സമയത്ത് നമ്മുടെ ജമാഅത്തിന് മസ്ജിദുകൾ വളരെ അനിവാര്യമാകുന്നു. അത് ദൈവഭവനമാണ്. ഏത് ഗ്രാമത്തിലും പട്ടണത്തിലുമാണോ നമ്മുടെ മസ്ജിദ് ഉണ്ടാകുന്നത് അവിടെ ജമാഅത്തിന്റെ പുരോഗതിക്ക് അസ്തിവാരമിട്ടു എന്ന് കരുതിക്കൊള്ളുക. പക്ഷേ, ഒരു നിബന്ധനയുണ്ട്. മസ്ജിദിന്റെ നിർമാണം ശുദ്ധമായ നിയ്യത്തോടു കൂടിയായിരിക്കണം. അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം അത് ചെയ്യേണ്ടത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതു പോലെ മസ്ജിദ് മുഖേന ജമാഅത്തിന്റെ പുരോഗതിക്ക് അസ്തിവാരമിട്ടു കഴിഞ്ഞു. ഇവിടെയുള്ള അഹ്മദികളുടെ പരിശ്രമങ്ങൾ ആത്മാർഥമാണെങ്കിൽ, ഇബാദത്തുകൾ നിലവാരമുള്ളതാണെങ്കിൽ ഇൻശാ അല്ലാഹ് ഇവിടെയും ജമാഅത്തിന്റെ പുരോഗതിക്ക് അടിത്തറയിട്ടു എന്ന് മനസ്സിലാക്കിക്കൊള്ളുക. അതുകൊണ്ട് തങ്ങളുടെ ഇബാദത്തുകളുടെയും ആത്മാർഥതയുടെയും നിലവാരം ഉയർത്തുക. തങ്ങളുടെ തലമുറകളിലേക്കും ഈ ആത്മാർഥതയും ദുആയുടെ പ്രാധാന്യവും ഇബാദത്തിന്റെ അനിവാര്യതയും കൈമാറ്റം ചെയ്യുക. അങ്ങനെയാണെങ്കിൽ ഈ ഭൗതിക ലോകത്തിന്റെ പ്രാണേതാക്കളിലും വിപ്ലവമുണ്ടാകുന്നത് നമുക്ക് കാണാൻ കഴിയും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മസ്ജിദുകളുടെ യഥാർഥ സൗന്ദര്യം കെട്ടിടങ്ങളിലല്ല വേണ്ടത്. മറിച്ച് ആത്മാർഥമായി നമസ്കാരം അനുഷ്ഠിക്കുന്നവരിലാണ് വേണ്ടത്. അല്ലാഹു എല്ലാവ ർക്കും ആത്മാർഥമായി നമസ്കാരം അനുഷ്ഠിക്കാനും ഈ മസ്ജിദിനെ സജീവമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു നമ്മുടെ ദുആകളും ഇബാദത്തുകളും സ്വീകരിക്കുമാറാകട്ടെ.

**വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി.**
**ഡി.ടി.പി: പി.എം.വസീം അഹ്മദ് ചേലക്കര**

പേജ് 1 ൽ നിന്ന്

ദൈവമാണ്. അതിനാൽ ഏതൊരുവഴിയാണോ അല്ലാഹുവിനോളം എത്തിക്കുന്നത് അതായിരിക്കും സ്വിറാത്വെ മുസ്തഖീം. ഏതൊരുവഴിയാണോ അല്ലാഹുവിനോളം എത്തിക്കാത്തത് അതിനെ മുസ്തഖീം എന്ന് പറയാനെ പറ്റുകയില്ല. കാരണം അതിന്റെ മുഖം ഏതൊരു ഭാഗത്തെത്താനാണോ ഉദ്ദേശിച്ചത് ആ പോയന്റിൽനിന്ന് മാറിപ്പോയി.

മുമ്പേയുള്ള ആയത്തുമായി ഈ ആയത്തിന്റെ ബന്ധം, നിങ്ങൾക്കും പാരിതോഷികം കിട്ടുമെന്ന് ആദ്യമെ പറഞ്ഞു കഴിഞ്ഞതാണ്. നിങ്ങൾ ശരീഅത്തിനെ നിഷേധിക്കുകയും തങ്ങൾ സ്വയമുണ്ടാക്കിയ നിയമം മതിയായതാണെന്ന് കരുതുകയും ചെയ്ത മക്കക്കാരെപോലെ ആകരുത്. ദൈവിക നിയമത്തിൽ ഭിന്നിപ്പുണ്ടാക്കാൻ തുടങ്ങുകയും അതിനെ ലംഘിക്കുകയും ചെയ്ത യഹൂദികളെപ്പോലെയും നിങ്ങൾ ആകരുത്.

നിങ്ങളെങ്ങനെ ആകണമെന്ന് ഇനി പറയാം. പറഞ്ഞു, നിങ്ങൾ ഇബ്റാഹീമിനെപ്പോലെയാകണം. അദ്ദേഹത്തിന്റെ എന്തെല്ലാം സവിശേഷ ഗുണങ്ങളുണ്ടോ അതെല്ലാം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കണം. അതിന്റെ ഫലമായി ഏതുരീതിയിലാണോ നാം ഇബ്റാഹീമിനോടു പെരുമാറിയത് അതേ രീതിയിൽ നിങ്ങളോടും പെരുമാറുന്നതാണ്.(തഫ്സീറെ കബീർ, വാള്യം 4, പേജ് 269, പ്രസാധനം ഖാദിയാൻ 2010) സരണ ശാലിയായിരുന്നു. ദുആകൾ ചെയ്യുന്നയാളായിരുന്നു. അഞ്ചാമത്തേത് അദ്ദേഹം ഋജുമാനസനായിരുന്നു. വഴിയിൽനിന്ന് വ്യതിചിലിക്കുമായിരുന്നില്ല. ആറാമത്തേത് അദ്ദേഹം അന്യാരാധകനായിരുന്നില്ല. അതായത് ഏകദൈവവിശ്വാസത്തിൽ പൂർണമായും നിലനിന്നിരുന്നു. സമ്പൂർണ ഏകദൈവവിശ്വാസം എന്നതിന്റെ അർഥം ഖാനിത്തൻ ലില്ലായുടേയും **ഹനീഫൻ** എന്നതിന്റേയും ശേഷം ഈ വാക്യം വെക്കപ്പെട്ടിരിക്കുന്നതിൽനിന്നാണ് പുറപ്പെടുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത്, സാധാരണ ഏകദൈവവിശ്വാസിയല്ല ഇവിടെ ഉദ്ദേശ്യമെന്നാണ്. കാര്യമെന്താണെന്നാൽ, പൊതുവായ നിലയിൽ മനുഷ്യന്റെ ഉള്ളിൽ സൽഗുണങ്ങൾ ഉണ്ടാകാൻ തുടങ്ങുമ്പോൾ തന്റെ സത്തയിൽ വിശ്വസിക്കാൻ തടങ്ങുന്നു. അവനിൽ അഹങ്കാരവും അഹന്തയും തന്നിഷ്ടവും ആത്മപ്രശംസയും ഉണ്ടാകാൻ തുടങ്ങുന്നു. അവൻ തന്നത്താൻ വലിയവനാണെന്ന് ധരിക്കുന്നു. ഇതും ഒരു തരത്തിലുള്ള ശിർക്കാണ്. അല്ലാഹു ഹദ്റത്ത് ഇബ്റാഹീമിനെ സംബന്ധിച്ച് **ലം യക്കു മിനൽമുശ്രിക്കീൻ** എന്നു പറഞ്ഞുകൊണ്ട്, ഇത്രയൊക്കെ ഗണവിശേഷങ്ങളുണ്ടായിട്ടും അദ്ദേഹം ദാസനായിത്തന്നെ ഇരിക്കുകയും തന്റെ ഗുണവിശേഷങ്ങൾ തന്റേതെന്നു പറഞ്ഞുകൊണ്ട് ശിർക്കിനൊരിക്കലും ഇരയാകാതിരിക്കുകയും ചെയ്തുവെന്ന് പറഞ്ഞിരിക്കുന്നു. *(തഫ്സീർ കബീർ, വാള്യം 4, പേജ് 267, പ്രസാധനം ഖാദിയാൻ 2010)*

പേജ് 1 ൽ നിന്ന്

കാൻ മാത്രമെ ഉദ്ദേശിക്കുന്നുണ്ടായിരുന്നുള്ളു - (33:14) എന്ന് പറഞ്ഞ് അല്ലാഹു അവരുടെ വാദം കളവാക്കി. പറഞ്ഞു: ജീവിതം സുദീർഘമാണെന്ന് നമ്മുടെ സ്നേഹിതന്മാരോടു ആരാണ് പറഞ്ഞത്. മരണത്തിന് ഒരു സമയവുമില്ല;എപ്പോഴാണ് തലയിൽവന്ന് വീഴുന്നതെന്ന്! അതുകൊണ്ട് കിട്ടുന്ന സമയം മുതൽക്കൂട്ടായി മനസ്സിലാക്കുക എന്നതാണ് ഉചിതം.

പറഞ്ഞു: ഈ സമയം പിന്നീട് കിട്ടുകയില്ല. ഇതു കഥകളായി അവശേഷിക്കും.*(മൽഫൂദാത്ത് വാള്യം 1 പേജ് 410, പ്രസാധനം ഖാദിയാൻ 2018)*

## • ഹദീഥുന്നബ്‌വി(സ): •

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

**(സ്വഹീഹ് മുസ്‌ലിം)**

## • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

പേജ് 8 ൽ നിന്ന്

ന്നു. എന്നാൽ, നാശം വന്നാൽ അതെല്ലാവരേയും ബാധിക്കുന്നു. എങ്കിലും അവൻ തന്റെ ദാസരെ ഏതെങ്കിലും വിധത്തിൽ നന്മയുള്ള ഒരാളെങ്കിലുമുണ്ടെങ്കിൽ അയാൾക്കുവേണ്ടി മറ്റുള്ളവരേയും രക്ഷിക്കുന്നതാണ്. *(മൽഫൂദാത്ത് വാല്യം 3, പേജ് 262, 1984 പതിപ്പ്)*

അതിനാൽ ഈ അടിസ്ഥാന തത്ത്വങ്ങളെ എപ്പോഴും ഓർമവെക്കേണ്ടതാണ്. അല്ലാഹു തന്റെ പരിശുദ്ധരായ ദാസരുടെ പ്രാർഥനകൾ കേൾക്കുകയും അവരുടെ സൽക്കർമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവരുടെ ഇബാദത്തുകൾ ആത്മാർഥമായും അല്ലാഹുവിനുവേണ്ടിയായിരിക്കണം. നമ്മുടെ കർമങ്ങൾ അല്ലാഹുവിനെ കരസ്ഥമാക്കാൻ ഉതകുന്നതായിരിക്കണം.

ഇപ്പോൾ ലോകത്തിന്റെ അവസ്ഥകളിൽ നിന്ന് പ്രകടമാകുന്നത് വളരെ ഭയാനകമായ നാശം വിതയ്ക്കുന്ന മേഘങ്ങളാണ് നമ്മുടെ മുകളിൽ ഉരുണ്ടുകൂടുന്നത്. അമേരിക്കൻ പ്രസിഡന്റ് ഇന്നലെ പറഞ്ഞത്, റഷ്യൻ പ്രസിഡന്റ് രാസായുധം പ്രയോഗിച്ചാൽ മറുഭാഗത്തുനിന്ന് തിരിച്ചടിയുണ്ടാകുമെന്നാണ്. തുടർന്നുണ്ടാകുന്ന നാശം അത് ലോകത്തിന്റെ അവസാനത്തിലേക്കായിരിക്കും പോകുന്നത്. അതുകൊണ്ട് ഈ രാജ്യങ്ങളിലുള്ളവർ, ഇവിടെ പലായനം ചെയ്തു വന്നവർ സുരക്ഷിതരാണെന്ന് ഒരിക്കലും ധരിക്കരുത്. ആരും എവിടെയും സുരക്ഷിതരല്ല. ഈ വൻശക്തികളുടെ നേതാക്കന്മാർക്ക് ബുദ്ധിയില്ലാതായി കഴിഞ്ഞാൽ ഇവർ ഒന്നും നോക്കുകയില്ല. അതുകൊണ്ട് ഈ സാഹചര്യത്തിൽ ദുആ ചെയ്യുക എന്നത് അഹ്മദിയുടെ കടമയാണ്. സ്വന്തം ഇബാദത്തുകളെ അല്ലാഹുവിനുവേണ്ടി ആത്മാർഥമായി നിർവഹിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നന്മയുള്ള പരിശുദ്ധരായ ആളുകൾക്കുവേണ്ടി അല്ലാഹു മറ്റുള്ളവരേയും രക്ഷപ്പെടുത്തുന്നു. ഇതുതന്നെയാണ് വിശുദ്ധ ഖുർആനിൽനിന്ന് നമുക്കു മനസ്സിലാകുന്നത്. അതിനാൽ നമ്മൾ ഇവിടെ സുരക്ഷിതരാണെന്ന ചിന്ത ആർക്കുമുണ്ടാകരുത്. തങ്ങളുടെ മക്കളുടെ ഭാവി സുരക്ഷിതമാണെന്ന് ധരിച്ചു പോകരുത്. നമ്മൾ വളരെ ഭയാനകമായൊരു ഘട്ടത്തിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ അവസ്ഥയിൽ നമ്മെ ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അത് അല്ലാഹുവിന് മാത്രമാണ്. അതുകൊണ്ടു സ്വയം അവനുമുമ്പിൽ കുനിയുകയും നിങ്ങളുടെ തലമുറകളെ അവന്റെ മുമ്പിൽ കുനിയുന്നവരാക്കി മാറ്റുകയും ചെയ്യുക. അങ്ങനെ നമ്മയേയും നമ്മുടെ തലമുറകളേയും നമുക്ക് സംരക്ഷിക്കാൻ സാധിക്കും.

ഈ ജനങ്ങൾ ഒരിക്കലും നമ്മെ രക്ഷപ്പെടുത്തുകയില്ല. നമ്മുടേയോ നമ്മളുടെ മക്കളുടേയോ ഭാവി സുരക്ഷിതമാക്കുകയുമില്ല. എന്നാൽ, നമ്മൾ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന കലിമയോടുള്ള കടമകൾ നിറവേറ്റുന്നവരാണെങ്കിൽ അല്ലാഹു നമ്മുടെ എളിയ പ്രാർഥനകൾ മുഖേനയും സൽകർമങ്ങൾ കൊണ്ടും ലോകത്തെ അല്ലാഹു രക്ഷപ്പെടുത്തും.

അതുകൊണ്ട് ഇപ്പോഴത്തെ അവസ്ഥകളിൽ ഇതുമായി ബന്ധപ്പെട്ട് വളരെയധികം ദുആകൾ ചെയ്യേണ്ടിയിരിക്കുന്നു. ലോകം അതിന്റെ അവസാനത്തിലെത്തി സ്ഥിതിഗതികൾ മോശമാകുന്നതിനുമുമ്പേ ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'നന്മ എന്നത് സമയ ബന്ധിതമായി ചെയ്യപ്പെടുന്നതാണ്. പിന്നീടെന്തെങ്കിലും ചെയ്തിട്ട് ഒരു പ്രയോജനവുമില്ല. ആവേശത്തിൽ ചെയ്യപ്പെടുന്ന നന്മകൾ അല്ലാഹു സ്വീകരിക്കുന്നതല്ല. കപ്പൽ മുങ്ങുമ്പോൾ എല്ലാവരും കരഞ്ഞു നിലവിളിക്കും. അതിനുമുമ്പേ മുങ്ങാൻ തുടങ്ങുമ്പോൾതന്നെ നിലവിളിക്കുന്നുണ്ടാകും. ആ കരച്ചിലും നിലവിളിയും സ്വാഭാവികമാണ്. അതുകൊണ്ട് അത് ലാഭകരമല്ല അതിനുമുമ്പേ സമാധാനാവസ്ഥയിൽ ആയിരിക്കുമ്പോൾ ദുആ ചെയ്യുന്നതാണ് പ്രയോജനകരമായിരിക്കുക.

തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. അല്ലാഹുവിനെ കരസ്ഥമാക്കാനുള്ള മാർഗം സമയ ബന്ധിതമായി ഉണർന്ന് പ്രവർത്തിക്കുക എന്നതാണ്. അവന്റെമേൽ ഇടിമിന്നലേൽക്കാൻ എല്ലാ സാധ്യതയും ഉള്ളതുപോലെ ജാഗരൂകനായിരിക്കേണ്ടതാണ്. അപ്പോൾ ഒരിക്കലും ഇടിമിന്നലേൽക്കുകയില്ല. അവൻ ഇടിമിന്നലേൽക്കുന്നതിനു മുമ്പേ ജാഗ്രത കാണിച്ചാൽ എത്ര മിന്നലുണ്ടായാലും ഏൽക്കുകയില്ല. എന്നാൽ, ഇടിമിന്നൽ കണ്ട് നിലവിളിക്കുന്നവരിൽ അതേൽക്കുകയും നാശം വിതയ്ക്കുകയും ചെയ്യും. അവൻ മിന്നലിനെയാണ് ഭയക്കുന്നത്;അല്ലാഹുവിനെ അല്ല!*(മൽഫൂദാത്ത് വാല്യം 3, പേജ് 265, 1984 പതിപ്പ്)*

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വ്യക്തമായി നമുക്ക് നല്കിയിരിക്കുന്ന മുന്നറിയിപ്പ് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കണമെങ്കിൽ അത് ഇപ്പോൾത്തന്നെ ചെയ്യുക എന്നതാണ്. അപായത്തിന്റെ മേഘങ്ങൾ ചെറിയതോതിൽ ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്നു. നമ്മൾ ആഗ്രഹിച്ചാൽ ഇതിനെ നിയന്ത്രണവിധേയമാക്കാൻ സാധിച്ചേക്കാം. എന്നാൽ, ഏതു സമയത്തും ഇതു വ്യാപിക്കാം. ഇന്ന് അഹ്മദികളുടെ അല്ലാഹുവിലുള്ള വിശ്വാസവും ബന്ധവും പ്രാർഥനകളുമാണ് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുക.

ആകയാൽ,അഹ്മദികളുടെവിശ്വാസത്തിനും അല്ലാഹുവുമായുള്ള ബന്ധത്തിനും ദുആക്കും മാത്രമേ ഇന്ന് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാനാവൂ. ലോകത്തോടുള്ള അനുകമ്പ ഹൃദയത്തിൽ സംജാതമാക്കി പ്രാർഥിക്കുക. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകളിലേക്ക്ശ്രദ്ധ തിരിക്കാതിരുന്നാൽ ഈ സുന്ദരലോകം ജനശൂന്യമായി ഭവിക്കുമെന്ന് തങ്ങളുടേതായ വൃത്തങ്ങളിൽ ലോകത്തെ ബോധ്യപ്പെടുത്തുക. ഈയൊരു ചിന്തയോടുകൂടിയായിരിക്കണം ഓരോ അഹ്മദിയും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ശ്രമിക്കേണ്ടത്.

പ്രാർഥനകളിലേക്ക് വീണ്ടും ഉദ്ബോധിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: 'നോക്കുക, നിങ്ങൾ അല്പം കഠിനാധ്വാനം ചെയ്ത് കൃഷിക്കുള്ള ഏർപ്പാട് ചെയ്യുമ്പോൾ ഫലം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുപോലെ ശാന്തിയുടെ ദിനങ്ങൾ കഠിനാധ്വാനത്തിനുള്ളതാണ്. ഇപ്പോൾ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുന്ന പക്ഷംഅതിന്റെആനന്ദംനുകരുന്നതായിരിക്കും. ലൗകികപ്രവൃത്തികളെ അപേക്ഷിച്ച് നമസ്കാരത്തിന് ഹാജരാവുക പ്രയാസമുള്ള കാര്യമായി തോന്നാം.' അവിടന്ന് വ്യക്തമായി പറഞ്ഞു: 'നോക്കൂ, ലൗകികപ്രവൃത്തികളെ അപേക്ഷിച്ച് നമസ്കാരത്തിന് ഹാജരാവുക വളരെ ബുദ്ധിമുട്ടുള്ളതായി തോന്നുന്നു. തഹജ്ജുദിന് എഴുന്നേൽക്കുക അതിലും പ്രയാസമാണ്.''പറയുന്നു: 'എന്നാൽ നിങ്ങൾ സ്വയം അത് ശീലമാക്കുകയാണെങ്കിൽ പ്രയാസമൊന്നും ഉണ്ടാവുകയില്ല. നിങ്ങൾ ദുആ ചെയ്യുന്നതായാൽ ഉദാരവാനും കരുണാനിധിയുമായ അല്ലാഹു കടാക്ഷിക്കുന്നതാണ്.' പറഞ്ഞു: 'ജോലി അഥവാ ലൗകികപ്രവൃത്തികളിൽ ഏർപ്പെടുന്നത് നിങ്ങളാണ്. (അതായത് ഭൗതികജോലികളും ചെയ്യുന്നത് നിങ്ങളാണ്) നിങ്ങളുടെ ജീവനുമേലും കുടുംബത്തിന്മേലും നിങ്ങൾ കരുണ കാണിക്കുന്നു. (അവരുടെ ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നു). കുട്ടികളോടുമേൽ നിങ്ങൾക്ക് കരുണയുണ്ടാകുന്നു. എപ്രകാരം ഇപ്പോൾ നിങ്ങൾ അവരോട് കാണിക്കുന്നുവോ അതും ഒരു രീതിയാണ്. (അതായത്, ഭൗതികമായ നിലയിൽ നിങ്ങൾ അവരോടു കാണിക്കുന്ന ദയ. മറ്റൊരു രീതിയും കൂടിയുണ്ട്. ആ രീതിയെന്താണ്)നമസ്കാരങ്ങളിൽ അവർക്കായി ദുആ ചെയ്യുക എന്നതാണത്. അല്ലാഹു ഈ വിപത്തിനെ ഒഴിവാക്കി ശിക്ഷയിൽനിന്ന് രക്ഷിക്കണേ എന്ന് റുകൂഇലും സുജൂദിലും പ്രാർഥിക്കുക.

ദുആ ചെയ്യുന്നവൻ പിന്തള്ളപ്പെടുകയില്ല പ്രാർഥിക്കുന്നവൻ അശ്രദ്ധനായ അധമനെപ്പോലെ മരിക്കുക ഒരിക്കലും സാധ്യമല്ല. അങ്ങനെയായിരുന്നെങ്കിൽ അല്ലാഹു ഒരിക്കലും തിരിച്ചറിയപ്പെടുക തന്നെയില്ല. അവൻ തന്റെ സത്യദാസർക്ക് മറ്റുള്ളവരെക്കാൾ മഹത്ത്വം നൽകുന്നു. ഒരു കൂട്ടർ പിടിക്കപ്പെടുമ്പോൾ മറ്റൊരു കൂട്ടർ രക്ഷിക്കപ്പെടുന്നു. പറഞ്ഞതിന്റെ ഉദ്ദേശ്യം നിർവ്യാജമായ സ്നേഹം സമ്പൂർണമായ നിലയിൽ നിങ്ങളിൽ സത്യസന്ധമായ ആത്മാർഥത ഉണ്ടാകുന്നവിധം പ്രവൃത്തിക്കുക.'' *(മൽഫൂദാത്ത് വാല്യം 3, പേജ് 266,സ 1984 പതിപ്പ്)*

പ്ലേഗുരോഗം പടർന്നുപിടിച്ചിരുന്ന കാലത്താണ് അവിടന്ന് ഇക്കാര്യങ്ങൾ പറഞ്ഞിരുന്നത്. ലോകനാശത്തിന്റെ ലക്ഷണങ്ങൾ ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിലും, ഞാൻ പറഞ്ഞതുപോലെ, നമ്മൾ ദൈവസമക്ഷം പ്രത്യേകമായ നിലയിൽ കുനിയേണ്ടതാണ്. നമ്മയേയും ലോകത്തെയും രക്ഷിക്കാൻ ഈയൊരു വഴിയേയുള്ളൂ.

തുടർന്ന്, ഉന്നത ധാർമികഗുണങ്ങളെക്കുറിച്ച് അവിടന്ന് പ്രത്യേകമായി ഉദ്ബോധനം നടത്തി. ഉന്നത സ്വഭാവഗുണങ്ങൾ പ്രദർശിപ്പിക്കുക എന്നത് ദൈവിക കല്പനകളിൽപെട്ട ഒരു കല്പനയാണ്. അവിടന്ന് അരുൾ ചെയ്യുന്നു: 'ധാർമികഗുണങ്ങൾ ശരിയാക്കുക വളരെ പ്രയാസകരമായ ജോലിയാണ്. മനുഷ്യൻ ആത്മപരിശോധന നടത്താത്തിടത്തോളം ആ സ്വഭാവഗുണങ്ങൾ പരിഷ്കരിക്കപ്പെടുകയില്ല. നിങ്ങൾ ചെയ്യുന്നതിനെ വിലയിരുത്താതെ, ദിവസം മുഴുവനും നിങ്ങൾ എങ്ങനെ ജീവിതം നയിച്ചു, നല്ല കാര്യങ്ങൾ എന്തൊക്കെ ചെയ്തു

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 10 - 17 November 2022 Issue: 45-46

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ചീത്തക്കാര്യങ്ങൾ എന്തൊക്കെ ഉപേക്ഷിച്ചു, നല്ലതും തീയ്യതുമായി എന്തൊക്കെ സംസാരിച്ചു, എന്നിങ്ങനെ ആത്മപരിശോധന നടത്താത്തിടത്തോളം അവ പരിഷ്കരിക്കപ്പെടുകയില്ല. പറയുന്നു: 'നാവിന്റെ ദുഃശ്ശീലങ്ങൾ ശത്രുത വരുത്തിവയ്ക്കുന്നു. അതുകൊണ്ട് സ്വന്തം നാവിനെ സദാ നിയന്ത്രിച്ചുനിറുത്തുകയാണ് വേണ്ടത്.'

പറഞ്ഞു: നോക്കൂ, തന്റെ ഗുണകാംക്ഷിയെന്നു കരുതുന്ന ഏതൊരാളോടും ഒരു വ്യക്തി ശത്രുത കാണിക്കുകയില്ല. എന്നിരിക്കെ സ്വന്തം ആത്മാവിനോടു കരുണ കാട്ടാതെ, സ്വജീവനെ ആപത്തിലിടുകയും സ്വന്തം കഴിവുകളെ പ്രയോജനപ്പെടുത്താതെ ധാർമികഗുണങ്ങളെ പരിപോഷിപ്പിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി എന്തുമാത്രം വിഡ്ഢിയാണ്! *(മൽഫൂദാത്ത് വാള്യം 3, പേജ് 346, 1984 പതിപ്പ്)*

അല്ലാഹു നല്കിയിട്ടുള്ള കഴിവുകളെയും വാസനകളെയും എല്ലാം ഉന്നത ധാർമിക ഗുണങ്ങൾ പ്രകടമാകുന്ന രീതിയിൽ മനുഷ്യൻ പ്രയോഗവൽകരിക്കുകയും പരിപാലിക്കുകയും ചെയ്യണമെന്നാണ് യുക്തിബോധം ആവശ്യപ്പെടുന്നത്. നിസ്സാര കാര്യങ്ങൾക്ക് സ്വഭാവദൂഷ്യങ്ങൾ പ്രകടിപ്പിക്കുന്നപക്ഷം സ്വജീവനെത്തന്നെ പ്രയാസത്തിലകപ്പെടുത്തുന്നതായിരിക്കും.

ഒരു കാര്യംകൂടി ഓർത്തുകൊള്ളുക. വ്യക്തിപരമായ കാര്യങ്ങളിൽ ഇസ്‌ലാം ക്ഷമ കൈക്കൊള്ളാനും ആത്മനിയന്ത്രണം അവലംബിക്കാനും ഉന്നതധാർമികഗുണങ്ങൾ പ്രകടിപ്പിക്കാനും കലഹങ്ങളിൽനിന്ന് വിട്ടുനില്ക്കാനും ഉദ്ബോധിപ്പിക്കുമ്പോഴും നിയമപരിധിയിൽനിന്നുകൊണ്ട് മതാഭിമാനം പ്രകടിപ്പിക്കുന്നതിലേക്കും ദത്തശ്രദ്ധരാക്കുന്നുണ്ട്. ഇത്തരത്തിൽ മതാഭിമാനം പ്രകടിപ്പിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾചെയ്യുന്നു: ഇസ്‌ലാംമതത്തിൽനിന്ന് പരസ്യമായ നിലയിൽ പുറത്തുപോകുകയും അതിനെ ചീത്തവിളിച്ച് കടുത്ത ശത്രുത കാണിക്കുകയും ചെയ്യുന്ന വ്യക്തിയുടെ കാര്യം വേറെയാണ്. ഉദാഹരണമായി സ്വഹാബാക്കൾ പല പ്രയാസങ്ങളും നേരിടുകയുണ്ടായി. തങ്ങളുടെ ചില ബന്ധുക്കൾ ഇസ്‌ലാമിനെ നിന്ദിക്കുന്നതു കേട്ടപ്പോൾ അവരോട് അടുത്തബന്ധമുണ്ടായിട്ടും ആ ഉറ്റബന്ധുക്കളോട് ആഴത്തിലുള്ള ബന്ധം ഉണ്ടായിരുന്നിട്ടുംകൂടി സ്വഹാബാക്കൾക്ക് ഇസ്‌ലാമിനെ മുന്തിക്കേണ്ടിവന്നു.

പറഞ്ഞു: 'ഇസ്‌ലാമിനോടു കടുത്ത ശത്രുത പുലർത്തുകയും നബി(സ)തിരുമേനിയെ ചീത്തവിളിക്കുകയും ചെയ്യുന്ന വ്യക്തി അപലപിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യാൻ അർഹനാണ്. എന്നാൽ, തങ്ങളുടെ കർമങ്ങളിൽ അലസത കാണിക്കുന്ന വ്യക്തിയോടു വിട്ടുവീഴ്ച ചെയ്യുകയാണു വേണ്ടത്. അവരുടെ ബന്ധങ്ങളെ അത് ഉലയ്ക്കാൻ പാടില്ല. *(മൽഫൂദാത്ത് വാള്യം 3, പേജ് 346)*

ശത്രുത പുലർത്തുന്നില്ലെങ്കിൽ ആ വ്യക്തിയോട് ബന്ധം പുലർത്തിക്കൊള്ളുക. നല്ലരീതിയിൽത്തന്നെ ബന്ധം സ്ഥാപിച്ചുകൊള്ളുക. അതേസമയം, തുറന്നനിലയിൽ ശത്രുത കാണിക്കുകയും നബി(സ)തിരുമേനിയെ ചീത്തവിളിക്കുകയും ചെയ്യുന്നവൻ ഉപദേശിച്ചിട്ടും പിന്മാറുന്നില്ലെങ്കിൽ അവിടെ മതാഭിമാനം പ്രകടിപ്പിക്കുക അനിവാര്യമത്രെ.

അതുപോലെതന്നെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യത്തിലും ഇതേ മതാഭിമാനം കാണിക്കേണ്ടതാണ്. എത്രതന്നെ ഉപദേശിച്ചിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറയുന്നതിൽനിന്ന് പിന്മാറാത്തവരോട് നമുക്ക് സൗഹൃദം സ്ഥാപിക്കാനാവില്ല. ഒരഹ്‌മദിയുടെ അഭിമാനബോധം അത് സഹിക്കുകയില്ല.

ഇവിടെയുള്ള അധികമാളുകളും പാക്കിസ്താനിൽനിന്നുള്ളവരാണ്.ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ എത്രമാത്രം നികൃഷ്ടമായ ഭാഷയാണ് നാമമാത്ര മൗലവിമാർ ഉപയോഗിക്കുന്നതെന്ന് അവർക്ക് വ്യക്തിപരമായി അനുഭവമുണ്ട്. അവരെ സ്നേഹിക്കണമെന്നും വിപത്തുകൾ അവരിലേക്കുതന്നെ മടങ്ങണമെന്ന ദുആ ചെയ്യരുതെന്നും നമ്മോട് പറയുകയാണെങ്കിൽ അത് നമ്മുടെ അഭിമാനബോധത്തിന് നിരക്കുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു തന്ന അതേ തത്ത്വം ഇവിടെയും പ്രയുക്തമാകും. അതേസമയം, അത്തരമാളുകൾക്കെതിരിൽ ഞങ്ങൾ നിയമം കൈയിലെടുക്കുന്നതല്ല. എന്തെന്നാൽ, എന്തുവന്നാലും നിയമം കൈയിലെടുക്കരുതെന്നുള്ളതും ഇസ്‌ലാമിക അധ്യാപനങ്ങളുടെ ഭാഗമാണ്.

ബയ്അത്ത് ചെയ്യുന്നതോടെ അഹ്‌മദികളിൽ ഉണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്തിട്ടുണ്ട്. അവിടന്ന് പറഞ്ഞു: പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കുക.

ഇതു സംബന്ധമായി പാഠം നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: 'സത്യസന്ധമായ സഹാനുഭൂതി പരസ്പരം കാണിക്കാത്തിടത്തോളം നമ്മുടെ ജമാഅത്ത് ഹരിതാഭമായിത്തീരുകയില്ല. ശക്തർ ദുർബലരോടു സ്നേഹം കാണിക്കട്ടെ.'' അതായത്, കഴിവുകളും പ്രാപ്തികളും നല്കപ്പെട്ടവർ അവയെ ഉപയോഗപ്പെടുത്തി ദുർബലരെ സ്നേഹിക്കുക. അല്ലാതെ, വെറുപ്പോ വിദ്വേഷമോ കാണിക്കരുത്. അവിടന്ന് പറയുന്നു: 'ആരുടെയെങ്കിലും ന്യൂനത കണ്ടാൽ അയാളോട് സൽസ്വഭാവത്തോടുകൂടി പെരുമാറാതെ, വെറുപ്പോടും വിദ്വേഷത്തോടും കൂടി പെരുമാറുന്നുവെന്ന് ഞാൻ കേൾക്കുന്നു.'' അവിടന്ന് പറഞ്ഞു: 'ഈ രീതി ശരിയല്ല. ഒരാൾ മറ്റൊരാളുടെ ന്യൂനതകൾ മറച്ചുവെച്ച് യഥാർഥ സഹോദരന്മാരെപ്പോലെ പെരുമാറുമ്പോഴാണ് അതൊരു ജമാഅത്തായിത്തീരുകയുള്ളൂ. ജമാഅത്തിൽ ആഭ്യന്തര ഭിന്നിപ്പുണ്ടാകുന്നത് ശരിയായ രീതിയല്ലെന്ന് അവിടന്ന് വേദനയോടെ പറഞ്ഞു. സ്വഹാബാക്കളും പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കിക്കൊണ്ട് ഒരു ജമാഅത്തായിത്തീരുകയാണുണ്ടായത്. തന്റെ ജമാഅത്തിലെ അംഗങ്ങളും സ്വഹാബാക്കളെപ്പോലെ സാഹദോര്യബന്ധത്തിൽ നിലകൊള്ളണമെന്നാണ് അവിടന്നും ആഗ്രഹിക്കുന്നത്. അവിടന്ന് പറഞ്ഞു: ഇതേനിലയിലാണ് അല്ലാഹു ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്. അതായത്, സ്വഹാബാക്കളുടെ സംഘത്തെപ്പോലെ. ഇത്തരത്തിലുള്ള സാഹോദര്യം അവൻ ഇവിടെ സ്ഥാപിക്കുന്നതാണ്. അല്ലാഹുവിൽ എനിക്ക് വളരെയേറെ പ്രതീക്ഷകളുണ്ട്. അവിടന്ന് പറഞ്ഞു: നോക്കൂ, പരസ്പരം പരിഭവം കാണിക്കുക, മനസ്സ് വേദനിപ്പിക്കുക, കടുത്ത ഭാഷ പ്രയോഗിക്കുക, ഒരാൾ മറ്റൊരാൾക്ക് ആഘാതമുണ്ടാക്കുക, ദുർബലരെയും അശക്തരെയും നിന്ദ്യരായി ഗണിക്കുക ഇവയെല്ലാം കഠിനമായ പാപങ്ങളാകുന്നു.' *(മൽഫൂദാത്ത് വാള്യം 3, പേജ് 348-349, 1984 പതിപ്പ്)*

ആകയാൽ, പരസ്പരവികാരങ്ങളെ മാനിക്കുക എന്നത് ഉന്നത സ്വഭാവഗുണങ്ങളാകുന്നു. ഇതുണ്ടായെങ്കിലേ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരാനും അല്ലാഹു അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനും വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾക്ക് അവകാശികളാകാനും കഴിയുകയുള്ളൂ. അപ്പോഴേ നമ്മൾ ദൈവികാനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഇന്ത്യയിലെ വിവിധ സമൂഹങ്ങളും ഗോത്രങ്ങളും ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഇപ്പോഴാകട്ടെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത വാഗ്ദാനപ്രകാരം അല്ലാഹു വിവിധ സമൂഹങ്ങളേയും ഗോത്രങ്ങളേയും വിവിധ വർണജാതികളിലുള്ള ജനങ്ങളേയും ജമാഅത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു; പ്രവേശിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിവിധ സമൂഹങ്ങൾക്കും നാനാജാതിവർണജാതികളിൽപ്പെട്ട ആളുകൾക്കും നബി(സ)തിരുമേനിയുടേയും അവിടത്തെ സത്യവാനായ പ്രേമിയുടേയും ജമാഅത്തിൽ പ്രവേശിച്ച് ഒരു സമൂഹമായിത്തീരാൻ സൗഭാഗ്യമരുളിക്കൊണ്ട് അല്ലാഹു അവരോടു മഹത്തായ ഔദാര്യമാണ് കാണിച്ചിരിക്കുന്നത്. നിങ്ങൾ പരസ്പരം സഹോദരങ്ങളാണെന്ന് അവിടന്ന് ഉപദേശിച്ചു. പറഞ്ഞു:'പിതാക്കന്മാർ വ്യത്യസ്തരാണെങ്കിലും ഏവരുടേയും ആത്മീയ പിതാവ് ഒന്നുതന്നെയാണ്. ഒരേ വൃക്ഷത്തിന്റെ ശാഖകളാണ്.' *(മൽഫൂദാത്ത് വാള്യം 3, പേജ് 349, 1984 പതിപ്പ്)*

(തുടരും)

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിനെ
കുറിച്ച് അറിയുവാൻ വിളിക്കുക.
**TOLL FREE NUMBER**
**1800 425 2020**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin